Day 1

## 1) 'ഉമ്മുൽ കിത്താബ്' കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്താണ്?

- A. വിശുദ്ധ ഖുർആൻ
- B. നാലു വേദഗ്രന്ഥങ്ങൾ
- C. ലൗഹുൽ മഹ്ഫൂള്
- D. ഗ്രന്ഥത്തിന്റെ മൗലികവശം

## 2) സൂറത്തു സുഖ്റുഫിൽ ഖുർആനിന് നൽകിയ വിശേഷണങ്ങളിൽ ഉൾപെടാത്തത് ഏത് ?

- A. അറബി ഭാഷയിലുള്ളത്
- B. വിജ്ഞാനദായകമായത്
- C. അല്ലാഹുവിങ്കൽ ഉന്നതമായത്
- D. മഹത്വമേറിയത്

## 3) താഴെ നൽകിയവയിൽ ശരിയായ പ്രസ്താവനയേത്?

- A. എത്രയോ പ്രവാചകന്മാരെ പൂർവ്വീകന്മാരിൽ അല്ലാഹു അയച്ചിരിക്കുന്നു
- B. പ്രവാചകന്മാരെ അവരുടെ ജനത തീരെ പരിഹസിച്ചിരുന്നില്ല
- C. ഇവരേക്കാൾ കയ്യൂക്കിൽ ശക്തന്മാരായവർ മുൻപ് കഴിഞ്ഞു പോയിട്ടില്ല
- D. പൂർവ്വികന്മാരുടെ ഉപമകൾ ഇവർക്ക് മുൻപ് കഴിഞ്ഞു പോയിട്ടില്ല

## 4) ആരാണ് ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് എന്ന ചോദ്യത്തിന് നിഷേധികൾ നൽകുന്ന മറുപടിയാണ് ?

- A. മുഹമ്മദിനും അവന്റെ ദൈവത്തിനുമറിയാം
- B. നീ ഞങ്ങളെ സംശയത്തിലാക്കി പരിഹസിക്കുകയാണോ?
- C. ഏകനായ രക്ഷിതാവും ഇലാഹുമായവൻ അതിനെ സൃഷ്ടിച്ചിരിക്കുന്നു
- D. സർവജ്ഞനായ പ്രതാപശാലിയായുള്ളവൻ അവയെ സൃഷ്ടിച്ചിരിക്കുന്നു

## 5) അല്ലാഹു ഭൂമിക്ക് നൽകിയ ഒരു വിശേഷണമാണ് ?

- A. ഉദ്ദിഷ്ട സ്ഥാനം
- B. തൊട്ടിൽ
- C. വഴികൾ
- D. വിശാലമായത്

## 6) "അത് പോലെ മരണാനന്തരം നിങ്ങൾ പുറത്ത് കൊണ്ട് വരപ്പെടുന്നതാണ്"; മനുഷ്യരെ പുനർജീവിപ്പിക്കുന്നത് ഏതുപോലെയായിരിക്കും ?

- A. ആകാശത്ത് നിന്ന് മഴ പെയ്യുന്നത് പോലെ
- B. മഴ മൂലം നിർജീവമായ ഭൂമിയെ പുനർജീവിപ്പിക്കുന്നത് പോലെ
- C. ഭൂയിലേക്ക് വെള്ളം ആഴ്ന്നിറങ്ങുന്നത് പോലെ
- D. മഴ മൂലം നശിക്കപ്പെട്ട ചെടികളെ പോലെ

## 7) സൃഷ്ടികളുടെ ആവശ്യങ്ങൾക്കും അല്ലാഹു ഉദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും യോജിച്ച നിലയിൽ എന്നതാണ് ഈ വാക്ക് കാണിക്കുന്നത് ?

- A. സുബുലൻ سُبُلًا
- B. ബി ഖദരിൻ بِقَدَرٍ
- C. അൻഷർനാ أَنشَرْنَا
- D. നസ്സല نَزَّلَ

## 8) മനുഷ്യർക്ക് സവാരി ചെയ്യാൻ അല്ലാഹു ഏർപ്പെടുത്തിയ മാർഗങ്ങളിൽ ഒന്നാണ് ?

- A. പർവ്വതനിരകൾ
- B. ഇണവസ്തുക്കൾ
- C. കാലി മൃഗങ്ങൾ
- D. ആകാശ മാർഗങ്ങൾ

**9) വാഹനത്തിൽ കയറുമ്പോഴുള്ള പ്രാർത്ഥന പരാമർശിച്ചത് ഈ സൂറത്തിൽ ആണല്ലോ. താഴെ നൽകിയവയിൽ പ്രാർത്ഥനയുടെ ഭാഗങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?**

- (x) A. ഞങ്ങളുടെ തുടക്കവും മടക്കവും അല്ലാഹുവിൽ നിന്ന് തന്നെയാണ്
- ( ) **B.** ഞങ്ങൾക്ക് ഇതിനെ കീഴ്പ്പെടുത്തി തന്നവൻ മഹാ പരിശുദ്ധൻ
- ( ) **C.** നിശ്ചയമായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിലേക്ക് തിരിച്ചെത്തുന്നവരാണ്
- ( ) **D.** ഞങ്ങൾ ഇതിനെ ഇണക്കുവാൻ കഴിയുന്നവരായിരുന്നില്ല

**10) അല്ലാഹുവാണ് ലോകസൃഷ്ടാവു എന്നു സമ്മതിക്കുകയും, അതോടൊപ്പം മലക്കുകൾ അവന്റെ പെൺമക്കളാണെന്നു വാദിക്കുകയും ചെയ്യുന്നവരെ അല്ലാഹു ആയത്തിൽ വിശേഷിപ്പിച്ചത് എപ്രകാരമാണ് ?**

Day 2

**1) നിഷേധികളുടെ ഈ വാദം കണ്ടാൽ തോന്നും, ആൺമക്കളെ അവർക്കുമാത്രമാക്കി നീക്കിവെച്ചിരിക്കുകയും, പെൺമക്കളെ അല്ലാഹു സ്വീകരിച്ചിരിക്കുകയുമാണെന്ന്; എന്താണ് അവർ വാദിച്ചത് ?**

- ( ) **A.** അല്ലാഹുവിന് ആണും പെണ്ണുമായി അനവധി മക്കളുണ്ടെന്നവർ ജൽപിച്ചു.
- (x) B. മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നവർ ജൽപിച്ചു.
- ( ) **C.** ചില മലക്കുകളെ അല്ലാഹു മക്കളായി സ്വീകരിച്ചതാണ് എന്നവർ ജൽപിച്ചു.
- ( ) **D.** അല്ലാഹുവിന് പെൺമക്കൾ ഉള്ളത് ഒരു സന്തോഷ വാർത്തയായി അവർ കണ്ടു

**2) അവരിൽ ഒരാൾക്കു സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ, അവൻ കോപം നിറഞ്ഞവനായുംകൊണ്ടു അവന്റെ മുഖം കറുത്തിരുണ്ടതായിത്തീരുന്നതാണ്. എന്താണ് ഈ 'സന്തോഷ വാർത്ത' ?**

- ( ) **A.** അവന് ഒരു കുട്ടി ജനിച്ചിരിക്കുന്നു
- ( ) **B.** അവന് ഒരു ആൺ കുട്ടി ജനിച്ചിരിക്കുന്നു

- [x] C. അവന് ഒരു പെൺകുട്ടി ജനിച്ചിരിക്കുന്നു
- [ ] D. അവൻ ആൺ കുട്ടികൾ ഉണ്ടാകുകയേ ഇല്ല

### 3) പരമകാരുണികന് തുല്യമാക്കിയത് എന്നു പറഞ്ഞത് ആരെ ഉദ്ദേശിച്ചു കൊണ്ടാണ് ?

- [ ] A. അവരുടെ ആരാധ്യന്മാരെ
- [x] B. പെൺ മക്കളെ
- [ ] C. വിഗ്രഹങ്ങളെ
- [ ] D. ആൺ മക്കളെ

### 4) പെൺമക്കളെ ഉദ്ദേശിച്ചു കൊണ്ട് വചനത്തിൽ പ്രസ്താവിച്ചത് ..................

- [ ] A. അലങ്കാരത്തിനായ് വളർത്തപ്പെടുന്നവർ
- [x] B. ആഭരണാലങ്കാരത്തിലായി വളർത്തപ്പെടുന്നവർ
- [ ] C. പോരായ്മകളെ നികത്തുന്നവർ
- [ ] D. വിവാദത്തിലായി വളർത്തപ്പെടുന്നവർ

### 5) വാഗ്വാദത്തിൽ ന്യായം വ്യക്തമാക്കാൻ കഴിയാത്ത ആൾ എന്ന് സ്ത്രീകളെ പറ്റി പരാമർശിച്ചത് എന്തുകൊണ്ട് ?

- [ ] A. സ്ത്രീകൾ അലങ്കാരത്തിന് പ്രാധാന്യം കൊടുക്കുന്നവരാണ്
- [ ] B. പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകൾ എടുത്തു ചാട്ടക്കാരാണ്
- [x] C. പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകൾക്ക് അപ്രകാരമുള്ള കഴിവ് കുറവാണ്
- [ ] D. മക്കക്കാർ സ്ത്രീകളെ കുറിച്ച് പുലർത്തി പോരുന്ന ധാരണയെ സൂചിപ്പിക്കാൻ

### 6) പരമകാരുണികന്റെ അടിയാന്മാരാകുന്ന മലക്കുകളെ സ്ത്രീകളാക്കിയവർക്കെതിരെ അല്ലാഹു ഉന്നയിച്ച ചോദ്യമാണ് ?

- [ ] A. അവരാണോ മലക്കുകളെ സൃഷ്ടിച്ചത്?
- [x] B. മലക്കുകളെ സൃഷ്ടിച്ചതിനു ഇവർ സാക്ഷ്യം വഹിച്ചിരുന്നുവോ?

C. അവർ മലക്കുകളെ നേരിൽ കണ്ടിട്ടുണ്ടോ ?

D. മലക്കുകൾക്ക് അവർ പെൺപേരുകൾ നൽകിയിരിക്കുന്നത് അതുകൊണ്ടാണോ ?

## 7) മലക്കുകളുടെ പേരിൽ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ ആരാധിച്ചിരുന്ന മുശ്‌രിക്കുകൾ അതിനെ ന്യായീകരിക്കുവാൻ വേണ്ടി സമർപ്പിക്കാറുള്ള ന്യായവാദമാണ് ?

A. ഞങ്ങൾക്ക് പ്രവാചകന്മാരായി മലക്കുകളെ അയച്ചിരുന്നെങ്കിൽ അവരെ ഞങ്ങൾ ആരാധിക്കുമായിരുന്നില്ല

B. ഞങ്ങൾക്ക് നല്ലൊരു വേദഗ്രന്ഥമെന്തേ ഞങ്ങളുടെ റബ്ബ് ഇറക്കി തന്നില്ല

C. പരമ കാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല

D. ഞങ്ങൾക്കും ഞങ്ങളുടെ പിതാക്കന്മാർക്കും ഒരേ ഒരു വഴിയേയുള്ളൂ , അതിൽ നിന്ന് ഞങ്ങൾ വ്യതിചലിക്കുകയില്ല

## 8) ശിർക്കിനെ ന്യായീകരിക്കുന്ന അവിശ്വാസികളെ അല്ലാഹു ഖണ്ഡിക്കുന്നത് എങ്ങിനെയാണ് ?

A. അവരുടെ ആരാധന അല്ലാഹു ഉദ്ദേശിച്ചിട്ടാണെന്നും അല്ലാഹുവിൽ അത് സ്വീകാര്യമാണെന്നതിനും ഒരറിവും അവരുടെ പക്കലില്ല

B. ഒരു മുൻ ദൈവികഗ്രന്ഥവും ആ ആരാധനയെ അനുകൂലിക്കുന്നതായി ഉണ്ടായിട്ടില്ല

C. ശിർക്കന്മാരായ പൂർവ്വപിതാക്കളെ പിൻ പറ്റിയതാണ് അവരുടെ ശിർക്കിനുള്ള കാരണം

D. മുകളിലെ എല്ലാം ശരിയാണ്

## 9) താക്കീതുകരായ പ്രവാചകന്മാരോട് അവിടത്തെ സുഖലോലുപന്മാർ പറയാറുള്ളത് എന്ത്?

A. ഞങ്ങളുടെ പിതാക്കൾക്ക് മാർഗദർശനം നൽകാത്തതിനാൽ ഞങ്ങൾക്കും അത് വേണ്ടതില്ല

B. ഞങ്ങളുടെ പിതാക്കളെ കണ്ടെത്തിയി മാർഗത്തിൽ അവരെ ഞങ്ങൾ പിൻതുടരുന്നവരാണ്

- [ ] **C.** ഐഹിക സുഖകങ്ങൾ ലഭിച്ച പോലെ ഞങ്ങൾക്ക് തന്നെയാണ് നല്ല പര്യവസാനവുമുള്ളത്

- [ ] **D.** ഞങ്ങൾ ദൈവ സാമീപ്യം സിദ്ധിച്ചവരാണ്

### 10) നിങ്ങളുടെ പിതാക്കളെ കണ്ടെത്തിയതിനെക്കാൾ മാർഗ്ഗദർശകമായതിനെ നിങ്ങൾക്കു ഞാൻ കൊണ്ടുവന്നിട്ടുണ്ടെങ്കിലോ എന്ന പ്രവാചകന്മാരുടെ ചോദ്യത്തിന് സുഖലോലുപന്മാർ മറുപടി പറയാറുള്ളത് എന്ത്?

- [ ] **A.** ഞങ്ങളുടെ മതം നീ അംഗീകരിക്കുക, നിന്നെ ഞങ്ങളും അംഗീകരിച്ചുകൊള്ളാം

- [ ] **B.** ഞങ്ങൾ ചെയ്യുന്നതിനെ പറ്റി നിന്നോട് ചോദിക്കുകയില്ല

- [ ] **C.** നിങ്ങൾക്ക് നിങ്ങളുടെ മതം ഞങ്ങൾക്ക് ഞങ്ങളുടെ മതം

- [x] **D.** നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിച്ചവരാണ്

Day 3

### 1) ഇബ്‌റാഹിം നബി(അ) തന്റെ ജനതയോടും പിതാവിനോടും പറഞ്ഞതെന്താണ് ?

- [ ] **A.** തീർച്ചയായും നിങ്ങൾ ആരാധിക്കുന്നതിനെ ഇനി ഞാൻ ആരാധിക്കുകയില്ല

- [ ] **B.** അവർ എനിക്കു മാർഗ്ഗദർശനം നൽകിയേക്കുന്നതാണ്

- [x] **C.** നിശ്ചയമായും ഞാൻ, നിങ്ങൾ ആരാധിച്ചു വരുന്നവയിൽനിന്നും ഒഴിവായവനാണ്

- [ ] **D.** നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം

### 2) "അതു [ആ വാക്യം] അദ്ദേഹത്തിന്റെ പിൻഗാമികളിൽ അവശേഷിക്കുന്ന ഒരു വാക്യമാക്കുകയും ചെയ്തു", എന്തിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

- [ ] **A.** വിശുദ്ധ ഖുർആൻ വചനങ്ങളെ

- [x] B. ഏകസൃഷ്ടാവായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന തൗഹീദിന്റെ മുദ്രാവാക്യം
- [ ] C. ശിക്ഷയുടെ വാക്യം
- [ ] D.ഇബ്റാഹിം നബി (അ) തന്റെ ജനതയിലെ ഇസ്രാഈല്യർക്കു മാത്രമായ നൽകിയ ചില വസ്വിയ്യത്ത്

### 3) അറബികൾ ഏതു പ്രവാചകന്റെ സന്തതി പരമ്പരയിലാണ് വരുന്നത് ?

- [ ] A. ഇസ്ഹാഖ് (അ)
- [ ] B. യഅ്ഖൂബ് (അ)
- [x] C. ഇസ്മാഈൽ (അ)
- [ ] D. ഇബ്രാഹീം (അ), ഇസ്ഹാഖ് (അ)

### 4) "അങ്ങനെ, അവർക്കു യഥാർത്ഥവും സ്പഷ്ടമായ (അഥവാ സ്പഷ്ടമാക്കുന്ന) ഒരു റസൂലും വന്നു" ; വചനത്തിൽ പരാമർശിക്കപ്പെട്ട റസൂൽ ആരാണ് ?

- [ ] A. ഇബ്റാഹീം(അ)
- [ ] B. യഅ്ഖൂബ് (അ)
- [ ] C. ഇസ്ഹാഖ് (അ)
- [x] D. മുഹമ്മദ് നബി(സ)

### 5) യഥാർത്ഥം തുറന്നുകാട്ടുന്ന വേദഗ്രന്ഥവും (ഖുർആനും) സ്പഷ്ടമായ തെളിവുകൾ സഹിതം റസൂലും അവരിലേക്ക് വന്നപ്പോൾ അവർ എന്ത് മറുപടിയാണ് നൽകിയത് ?

- [ ] A. ഇതൊരു ജാലമാണ്
- [ ] B. ഞങ്ങൾ ഇതിൽ അവിശ്വസിക്കുന്നവരാണ്
- [ ] C. ഈ ഖുർആൻ (ഈ) രണ്ടു രാജ്യങ്ങളിൽനിന്നുള്ള മഹാനായ ഒരു പുരുഷന്റെ മേൽ ഇറക്കപ്പെട്ടുകൂടേ?
- [x] D. മുകളിൽ നൽകിയവയെല്ലാം അവർ പറഞ്ഞ മറുപടിയാണ്

**6) "ഈ ഖുർആൻ രണ്ടു രാജ്യങ്ങളിൽനിന്നുള്ള മഹാനായ ഒരു പുരുഷന്റെ മേൽ ഇറക്കപ്പെട്ടുകൂടേ" എന്ന മക്കക്കാരുടെ ചോദ്യത്തിൽ അവർ ഉദ്ദേശിച്ചിട്ടുള്ള രണ്ട് രാജ്യങ്ങൾ ഏതെല്ലാം ?**

- [ ] **A.** റോം പേർഷ്യൻ സാമ്രാജ്യങ്ങൾ
- [ ] **B.** മക്കയും മദീനയും
- [x] **C. മക്കയും ത്വാഇഫും**
- [ ] **D.** മക്കയുൾപ്പെടുന്ന ഹിജാസും ജറൂസലേം ഉൾപ്പെടുന്ന ശ്യാം പ്രദേശങ്ങളും

**7) "അവരാണോ നിന്റെ റബ്ബിന്റെ കാരുണ്യം ഭാഗിച്ചുകൊടുക്കുന്നത്?" മക്കക്കാർക്കുള്ള അല്ലാഹുവിന്റെ മറുപടിയാണിത്. ആയത്തിൽ പരാമർശിച്ച 'കാരുണ്യം' കൊണ്ടുദ്ദേശിക്കുന്നത് എന്താണ് ?**

- [ ] **A.** ഹിദായത്തും ഇസ്തിഖാമത്തും
- [ ] **B.** മഗ്ഫിറത്തും മർഹമത്തും
- [ ] **C.** ജീവിതമാർഗവും ഉന്നത പദവികളും
- [x] **D. നുബുവ്വത്തും രിസാലത്തും**

**8) "റബ്ബിന്റെ കാരുണ്യം അവർ ശേഖരിച്ചു വെക്കുന്നതിനേക്കാൾ ഉത്തമമാണ് " ഇവിടെ കാരുണ്യം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?**

- [ ] **A.** മനുഷ്യന്റെ ശാരീരികവും ഐഹികവുമായ അനുഗ്രഹങ്ങൾ
- [x] **B. പ്രവാചകത്വവും അത് മുഖേന ലഭിക്കുന്ന അനുഗ്രഹങ്ങളും**
- [ ] **C.** മനുഷ്യന്റെ സാധാരണ സമ്പാദ്യത്തിൽ കവിഞ്ഞു ലഭിക്കുന്ന അനുഗ്രഹങ്ങൾ
- [ ] **D.** ഇഹലോകത്തിൽ ലഭിക്കുന്ന താഴെക്കിടയിലുള്ള പദവിയും പരലോകത്ത് ലഭിക്കുന്ന ഉന്നത പദവികളും

**9) മനുഷ്യർ എല്ലാവരും ഒരേ ഒരു സമുദായമായിത്തീരുകയില്ലായിരുന്നുവെങ്കിൽ അല്ലാഹു അവിശ്വാസികൾക്ക് ഉണ്ടാക്കികൊടുക്കുമായിരുന്നു എന്ന് പറഞ്ഞ ഐഹിക സുഖങ്ങൾ താഴെ നൽകുന്നു; അവയിൽ സുഖ്റുഫ് എന്ന പദത്തിനോട് യോജിക്കുന്നത് ഏത് ?**

- [ ] **A.** വീടുകൾക്കു വെള്ളികൊണ്ടുള്ള മേൽപുര
- [ ] **B.** മേല്പോട്ടു കയറിപോകാനുള്ള കോണികൾ
- [ ] **C.** വീടുകൾക്കു വെള്ളി കൊണ്ടുള്ള വാതിലുകളും, ചാരിയിരിക്കുവാനുള്ള കട്ടിലുകളും
- [x] **D. സ്വർണ്ണാലങ്കാരം**

**10) നബി (സ) പറയുന്നു; 'എന്റെ ധനം! എന്റെ ധനം! എന്നു മനുഷ്യൻ പറഞ്ഞുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവന്റെ ധനത്തിൽനിന്നു അവനുള്ളതു മൂന്നെണ്ണമാണ്'' ; ഈ മൂന്നെണ്ണം താഴെ നൽകിയിട്ടുണ്ട്. അവയിൽ പെടാത്തത് ഏത് ?**

- [ ] **A.** അവൻ തിന്നു നശിപ്പിച്ചത്
- [ ] **B.** അല്ലെങ്കിൽ അവൻ ഉടുത്തു പഴക്കിയത്
- [ ] **C.** അല്ലെങ്കിൽ അവൻ (ധർമ്മം) കൊടുത്തു (പിന്നേക്കു) സൂക്ഷിച്ചുവെച്ചത്
- [x] **D. സ്വർണ്ണത്തിന്റെയും, വെള്ളിയുടെയും പാത്രങ്ങളിൽ കുടിച്ചത്**

## Day 4

**1) പിശാച് ഒരാൾക്ക് കൂട്ടാളിയായി തീരാനുള്ള കാരണമെന്ത് ?**

- [x] **A. അയാൾ പരമകാരുണികന്റെ സ്മരണയെ വിട്ട് തിരിഞ്ഞു കളഞ്ഞു**
- [ ] **B.** അയാൾ മറ്റുള്ളവരെ നേർമാർഗത്തിൽ നിന്ന് തടഞ്ഞു
- [ ] **C.** അയാൾ താൻ നേർമാർഗത്തിലാണെന്ന് സ്വയം പ്രഖ്യാപിച്ചു
- [ ] **D.** അയാൾ ഒരു പിശാചിനെ കൂട്ടുകാരനായി സ്വീകരിച്ചു

**2) പിശാച് ഒരാൾക്ക് കൂട്ടാളിയായാൽ പിന്നീട് ........ (യോജിക്കാത്തത് തിരഞ്ഞെടുക്കുക)**

- [ ] **A.** യഥാർത്ഥ മാർഗ്ഗത്തിൽ നിന്നു പിശാച് അയാളെ തടയും
- [ ] **B.** പിശാച് അയാളെ വഴിപിഴപ്പിക്കും
- [x] **C.** തോന്നിയ വാസങ്ങൾ തെറ്റാണെന്ന് അവനെ പിശാച് ബോധ്യമാക്കും
- [ ] **D.** താൻ നേർമ്മാർഗ്ഗം പ്രാപിച്ചവനാണ് എന്നവൻ കരുതും

**3) മനുഷ്യനെ വഴി തെറ്റിക്കുന്ന പിശാചുക്കൾ ഏത് വർഗ്ഗത്തിൽ പെട്ടവരാണ് ?**

- [ ] **A.** ജിന്ന് വർഗ്ഗത്തിൽ പെട്ടവർ മാത്രം
- [ ] **B.** മനുഷ്യ വർഗ്ഗത്തിൽ പെട്ടവർ മാത്രം
- [x] **C.** മനുഷ്യവർഗ്ഗത്തിലും ജിന്നുവർഗ്ഗത്തിലുമുള്ളവർ
- [ ] **D.** പിശാചുക്കൾ എന്നാൽ ഒരാളുടെ പൈശാചിക ചിന്തകൾ മാത്രമാണ്

**4) "അയ്യോ, എന്റെയും നിന്റെയും ഇടയ്ക്ക് ഉദയാസ്തമനങ്ങളുടെ അത്ര ദൂരമുണ്ടായിരുന്നെങ്കിൽ നന്നായേനെ" ഇത് ആരുടെ വിലാപമാണ് ? ആരോട് എവിടെ വെച്ചാണിങ്ങനെ പറയുന്നത് ?**

- [ ] **A.** മറ്റു പിശാചുക്കൾ, അവരുടെ നേതാവായ ഇബ്‌ലീസിനോട്, പരലോകത്ത് വെച്ച്
- [x] **B.** പിശാചിനെ കൂട്ടുകാരനായി സ്വീകരിച്ചവൻ, അവന്റെ കൂട്ടാളിയായിരുന്ന പിശാചിനോട്, പരലോകത്ത് വെച്ച്
- [ ] **C.** ദുഷ് പ്രവർത്തിയിൽ ജീവിച്ച മനുഷ്യൻ ചുറ്റുമുളവരോട് പരലോകത്ത് വെച്ച്
- [ ] **D.** പരലോകത്ത് വെച്ച് എല്ലാ മനുഷ്യ ജിന്ന് പിശാചുക്കളും പരസ്പരം പറയുന്നത്

**5) അക്രമങ്ങളിൽ കൂട്ടുകാരായിരുന്ന പോലെ പരലോക ശിക്ഷയിൽ അവർ പങ്കു ചേരുന്നവരായിരിക്കും. എന്നാൽ ശിക്ഷയിൽ പങ്കു ചേരുന്നവരാണെന്നുള്ളത് ................**

- [ ] **A.** അവർക്ക് ആശ്വാസം നൽകുന്നതാണ്

- B. അവിടെയും ഇവിടിയും ഒരുമിച്ചാണെന്ന സന്തോഷം അവർക്കുണ്ടാകുന്നു
- C. മുമ്പത്തെ സ്നേഹ ബന്ധം പോലെ തന്നെ സ്നേഹമുണ്ടാക്കുന്നു
- D. അവർക്ക് ഒരു ഉപകാരവും ചെയ്യുന്നതല്ല

**6) "നബി(സ) യെ ഇവിടെ നിന്ന് കൊണ്ടു പോകുകയാണെങ്കിൽ" എന്ന് വചനത്തിൽ പരാമർശിക്കുന്നുണ്ട്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?**

- A. നബി(സ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പോവുന്നത്
- B. പ്രവാചകനെ ആകാശാരോഹണം നടത്തുന്നത്
- C. പ്രവാചകൻ (സ) ചരമം പ്രാപിക്കുന്നത്
- D, പ്രവാചകൻ (സ) യെ ഹലീമ ബീവി അവരുടെ നാട്ടിലേക്ക് കൊണ്ട് പോകുന്നത്

**7) നിഷേധികൾ ഒരിക്കലും നേർമാർഗത്തിൽ ആകില്ല എന്ന് മനസിലാക്കിത്തരാൻ മൂന്ന് ചോദ്യങ്ങൾ അല്ലാഹു നബി(സ)യോട് ചോദിക്കുന്നുണ്ട്. അവയിൽ ഉൾപ്പെടാത്തത് ഏതാണ് ?**

- A. നബിയേ, ബാധിരന്മാരെ നീ കേൾപ്പിക്കുമോ ?
- B. നബിയേ , അന്ധന്മാരെ നീ വഴി കാട്ടുമോ ?
- C. നബിയേ , സ്പഷ്ടമായ വഴിപിഴവിൽ ആയവരെ നീ നേർമാർഗം കാണിക്കുമോ?
- D. നബിയേ , അവരോട് നീ ശിക്ഷാ നടപടി എടുക്കുമോ ?

**8) ഖുർആനിനെ ഉദ്ദേശിച്ചാണ് ഇങ്ങനെ പറഞ്ഞിട്ടുള്ളത് ............... ?**

- A. താക്കീതും സന്തോഷവാർത്തയും നൽകുന്നത്
- B. ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കുന്നത്
- C. അറബി ഭാഷയിലുള്ളത്
- D. റസൂലിനും റസൂലിന്റെ ജനതക്കുമുള്ള കീർത്തി

**9) കീർത്തി, പ്രശസ്തി എന്നിങ്ങിനെയുള്ള അർത്ഥമാണ് ഇവിടെ പല മഹാന്മാരും ഈ പദത്തിന് സ്വീകരിച്ചിട്ടുള്ളത് ?**

- [ ] A. അബ്'വാൻ ابوان
- [x] B. ദിക്ർ ذِكْرٌ
- [ ] C. ഉമ്'യ الْعُمْيَ
- [ ] D. സുമ്മ് الصُّمّ

### 10) മുൻകഴിഞ്ഞുപോയ റസൂലുകളോടു ചോദിച്ചുനോക്കുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണ് ?

- [x] A. മുൻവേദഗ്രന്ഥങ്ങൾ പരിശോധിക്കുകയും, അവയെപ്പറ്റി അറിയുന്നവരോടു അന്വേഷിക്കുകയും ചെയ്യുക
- [ ] B. മുൻ കഴിഞ്ഞ പ്രവാചകന്മാരോട് പ്രാർത്ഥിക്കുകയാവാം
- [ ] C. തൗഹീദ് പ്രബോധനം നടത്തുമ്പോൾ മുൻ കഴിഞ്ഞ പ്രവാചകന്മാർ പറഞ്ഞതിനെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക
- [ ] D. അല്ലാഹുവിനോട് തേടുമ്പോൾ ഇടയാളന്മാരെ മധ്യവർത്തിയായി സ്വീകരിച്ചു തേടുക

## Day 5

### 1) ദൃഷ്ടാന്തങ്ങളുമായി ഫിർഔന്റെയും അവന്റെ പ്രമുഖന്മാരുടെയും അടുക്കലേക്ക് അയക്കപ്പെട്ട മൂസാ(അ) അവരോട് പറഞ്ഞത് എന്തായിരുന്നു ?

- [ ] A. ഞാൻ നിങ്ങളുടെ റസൂലാകുന്നു
- [ ] B. ഞാൻ അല്ലാഹുവിന്റെ റസൂലാകുന്നു
- [ ] C. ഞാൻ ഇന്നുമുതൽ ഈ ജനതയിലേക്ക് അയക്കപ്പെട്ട റസൂലാകുന്നു
- [x] D. നിശ്ചയമായും ഞാൻ ലോക രക്ഷിതാവിന്റെ റസൂലാകുന്നു

### 2) മൂസാ നബി (അ) ദൃഷ്ടാന്തങ്ങളുമായി അവരിലേക്ക് ചെന്നപ്പോൾ ആ ജനത ചെയ്തത് എന്തായിരുന്നു ?

- [x] A. അവർ അവയെ പരിഹസിച്ചു

- B. അവർ അവയെ ആശ്ചര്യത്തോടെ നോക്കി
- C. അവർ മൗനം പൂണ്ടു
- D. അവർ ചിരിക്കുകയും ഘോഷ്ടി കാണിക്കുകയും ചെയ്തു

## 3) "ഒരു ദൃഷ്ടാന്തവും തന്നെ, അതിന്റെ ................ നാം അവർക്കു കാണിച്ചു കൊടുത്തിരുന്നില്ല."

- A. ഗൗരവത്തെ അടയാളപെടുത്താതെ
- B. ഇണയെക്കാൾ വലുതായി കൊണ്ടല്ലാതെ
- C. യാഥാർത്ഥ്യമായിക്കൊണ്ടല്ലാതെ
- D. അവ്യക്തത നീക്കിയിട്ടല്ലാതെ

## 4) മൂസാ നബി(അ)യുടെ ജനതക്ക് ബാധിച്ച ശിക്ഷകൾ താഴെ നൽകിയവയിൽ ശരിയല്ലാത്തത് തിരഞ്ഞെടുക്കുക.

- A. ക്ഷാമം, വരൾച്ച
- B. വെട്ടുകിളി, തവള
- C. രക്തം, പേൻ
- D. ഘോരശബ്ദം, വെള്ളപ്പൊക്കം

## 5) ശിക്ഷയിൽ നിന്ന് രക്ഷ ലഭിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ മൂസ (അ) യോട് ആവശ്യപ്പെടുന്ന ഫിർഔനിന്റെ ആളുകൾ, എങ്ങിനെയാണ് മൂസ (അ)യെ അഭിസംബോധന ചെയ്തത് ?

- A. അല്ലാഹുവിന്റെ പ്രവാചകരെ
- B. ഹേ മൂസാ
- C. ഹേ ജാലവിദ്യക്കാരാ
- D. മാന്യപ്രവാചകരെ

## 6) 'നിന്റെ റബ്ബ് നിന്റെ അടുക്കൽ ഉടമ്പടി ചെയ്തുവെച്ചതനുസരിച്ചു' എന്നത് കൊണ്ടുള്ള ഉദ്ദേശം എന്താണ് ?

- [ ] A. വടികൊണ്ടടിച്ചാൽ ശിക്ഷ മാറിക്കിട്ടും എന്ന ഉടമ്പടിയെ
- [x] B. മൂസാ(അ)യുടെ പ്രവാചകത്വത്തെയും, വിശ്വസിച്ചാൽ അവരിൽ നിന്ന് ശിക്ഷ ഒഴിവാക്കുമെന്ന വാഗ്ദാനത്തെയും ഉദ്ദേശിച്ച്
- [ ] C. കടൽ കടന്ന് മൂസാ(അ)യും ഇസ്രാഈല്യരും രക്ഷപെട്ടേക്കാം എന്ന അവരുടെ അറിവ്
- [ ] D. അവർ പ്രവാചകരെ പരിഹസിച്ചത്

## 7) മൂസാ നബി(അ ) പ്രാർത്ഥിച്ചു അവർ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടുകഴിഞ്ഞാൽ പിന്നീട് അവരുടെ നിലപാട് എന്തായിരുന്നു ?

- [ ] A. അവർ അടുത്ത ശിക്ഷ കൊണ്ടുവരാൻ വെല്ലുവിളിച്ചു, അപ്പോൾ നോക്കാമെന്ന് പറയുകയും ചെയ്തു
- [ ] B. അവർ ഒന്നടങ്കം ശഹാദത്തുച്ചരിച്ചു
- [ ] C. ഓരോ ശിക്ഷ മാറുമ്പോഴും അവരിൽ പകുതി വീതം പേർ വിശ്വസിച്ചു
- [x] D. അവർ വീണ്ടും പഴയ നിലതന്നെ തുടർന്നു

## 8) 'ഫിർഔൻ തന്റെ ജനങ്ങളിൽ വിളംബരം ചെയ്തു'. ഇതുമായി യോജിക്കാത്തത് തിരഞ്ഞെടുക്കുക

- [ ] A. എന്റെ ജനങ്ങളേ, മിസ്റിന്റെ ഭരണാധിപത്യം എനിക്കല്ലയോ?
- [ ] B. ഈ നദികൾ എന്റെ താഴ്ഭാഗത്തുകൂടി ഒഴുകുകയും ചെയ്യുന്നുവല്ലോ?
- [ ] C. അപ്പോൾ, നിങ്ങൾ കണ്ടറിയുന്നില്ലേ?!'
- [x] D. വ്യക്തമായി സംസാരിച്ചു നിങ്ങളെ പാട്ടിലാക്കുന്ന ഇവനെക്കാൾ ഉത്തമൻ ഞാനല്ലയോ?

## 9) "ഫിർഔൻ തന്റെ ജനതയെ വിഡ്ഢികളാക്കി തീർത്തു". ഇതുമായി യോജിച്ചത് തിരഞ്ഞെടുക്കുക

- [ ] A. അവൻ നിങ്ങൾക്കെല്ലാം സ്വർണ്ണംകൊണ്ടുള്ള ഓരോ വളകൾ ഇട്ടുതരാത്തതെന്താണ്?
- [x] B. അവനോടൊപ്പം കൂട്ടുചേർന്നു കൊണ്ട് മലക്കുകൾ വരാത്തതെന്ത് ?

- C. അവർ അവനെ അനുസരിച്ചില്ല. അവർ, തോന്നിയവാസികളായ ഒരു ജനതയായിരുന്നു
- D. എല്ലാം ശരിയാണ്

## 10) "പിന്നീടുള്ളവർക്ക് അവരെ നാം മുൻമാതൃകയും ഉപമയും ആക്കി", അവരെക്കൊണ്ട് അല്ലാഹു എന്ത് ചെയ്തു ?

- A. അവരോടു ശിക്ഷാ നടപടിയെടുത്തില്ല, പക്ഷെ അവരോട് കോപിച്ചു
- B. അവരെ മുഴുവൻ മുക്കി നശിപ്പിച്ചു
- C. അവരെ വെണ്ണീർ ചാരം പോലെയാക്കി
- D. എ യും ബി യും ശരിയാണ്

Day 6

## 1) ഈസാ നബി(അ)ക്ക് അല്ലാഹു നൽകിയ വിശേഷണങ്ങളിൽ ഉൾപെടാത്തത് ഏത്?

- A. ഇസ്രാഈൽ സന്തതികൾക്കു ദൈവ പുത്രൻ
- B. അന്ത്യസമയത്തിന്നുള്ള ഒരു അറിവ് (അടയാളം)
- C. മർയമിന്റെ മകൻ
- D. അല്ലാഹു അനുഗ്രഹം ചെയ്ത അടിമ

## 2) ഈസാ നബി (അ) യെ ഒരു ഉപമയായി കാണിക്കപ്പെട്ടപ്പോൾ ആഹ്ളാദിച്ചു ആർത്ത് വിളിച്ചത് ആരായിരുന്നു ?

- A. ഇസ്രാഈൽ സന്തതികൾ
- B. ഈസാ നബി(അ)യുടെ തന്നെ ജനത
- C. മുഹമ്മദ് നബി(സ)യുടെ ജനത
- D. ഈസാ നബി(അ)യുടെ ശത്രുക്കൾ

## 3) ഈസാ നബി (അ)യെ ഒരു ഉപമയായി കാണിക്കപ്പെട്ടപ്പോൾ പ്രവാചകനോട് തർക്കിക്കാൻ പല ചോദ്യങ്ങളും അവർ ചോദിച്ചിരുന്നു, അല്ലാഹു ഈ സൂറത്തിൽ ഉദ്ദരിച്ച ചോദ്യം ഏത് ?

- [ ] **A.** ഇവരൊക്കെ നരകത്തിന്റെ വിറകായിരിക്കേണ്ടവരല്ലേ ?
- [ ] **B.** ഈസാ നബി മനുഷ്യനോ, ദൈവ പുത്രനോ, അതോ പ്രവാചകനോ ?
- [ ] **C.** ഈസാ നബിയെ ആരാധിച്ചവർ നല്ലവരോ, ഞങ്ങൾ ചീത്തയുമോ ?
- [x] **D. ഞങ്ങളുടെ ആരധ്യന്മാരാണോ ഉത്തമം, അതോ അദ്ദേഹമോ?**

## 4) "നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ പകരം വരുമാറ് നിങ്ങളിൽ നിന്നു തന്നെ മലക്കുകളെ നാം ഏർപ്പെടുത്തുമായിരുന്നു". ആയത്തിൽ നിന്നും മനസിലാകുന്നത് എന്ത് ?

- [ ] **A.** പ്രവാചകന്മാരായി മനുഷ്യർക്ക് പകരം മലക്കുകളെ നിയോഗിക്കുമായിരുന്നു
- [ ] **B.** മലക്കുകളുടെ വാസസ്ഥലം ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് ആക്കുമായിരുന്നു
- [x] **C. വേണമെങ്കിൽ മനുഷ്യരിൽ നിന്നു തന്നെ മലക്കുകളെ സൃഷ്ടിക്കുവാനും, മനുഷ്യർക്കു പകരം അവരെ ഭൂമിയിലെ പ്രതിനിധികളാക്കുവാനും അല്ലാഹുവിന് കഴിയും**
- [ ] **D.** ഭൂമിയുടെ കൈകാര്യ ഉത്തരവാദിത്തങ്ങളിൽ നിന്ന് മലക്കുകളെ ഒഴിവാക്കാമായിരുന്നു

## 5) 'അല്ലാഹു അല്ലാത്ത ആരാധ്യർ നരകത്തിന്റെ ഇന്ധനവുമാകുന്നു' എന്ന ആയത്തിന്റെ പരിധിയിൽ പലരാലും ആരാധിച്ചു വരുന്ന പ്രവാചകന്മാരും മലക്കുകളും ഉൾപ്പെടില്ല. എന്തുകൊണ്ട് ?

- [ ] **A.** അവർ ജീവനില്ലാത്ത ആരാധന മൂർത്തികളിൽ പെടില്ല
- [ ] **B.** അവർ കുലദൈവങ്ങളായി പരിഗണിക്കപ്പെടുന്നില്ല
- [ ] **C.** അവർ നബിയുടെ ജനത നിശ്ചയിച്ച ആരാധ്യവസ്തുക്കൾ അല്ലാത്തതിനാൽ

- [x] D. ബഹുദൈവാരാധനയെ ഒരിക്കലും തൃപ്തിപ്പെടാത്ത സജ്ജനങ്ങൾ അതിൽ നിന്നു ഒഴിവാണ്.

**6) അലമുൻ (عَلَمٌ) എന്നും ഇവിടെ വായനയുണ്ട്, ................ എന്നാണു ആ വാക്കിനർത്ഥം.**

- [x] A. അടയാളം
- [ ] B. അറിവ്
- [ ] C. അന്ത്യസമയം
- [ ] D. മാർഗ്ഗം

**7) അന്ത്യനാളിനു മുമ്പായി .......................... ഇറങ്ങി വരുമെന്നും നീതിമാനായ ഒരു വിധികർത്താവെന്ന നിലക്കു ഇസ്ലാമിക വിധിവിലക്കുകൾ നടപ്പിലാക്കുമെന്നും പ്രധാന ഹദീസുഗ്രന്ഥങ്ങളിൽ നിന്നെല്ലാം വ്യക്തമാണ്.**

- [ ] A. മൂസാ (അ)
- [x] B. ഈസാ (അ)
- [ ] C. നബി(സ)
- [ ] D. ഇബ്രാഹീം (അ)

**8) “.......................... ഒരാളും അദ്ദേഹത്തിന്റെ മരണത്തിനുമുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല.”**

- [x] A. വേദക്കാരിൽ
- [ ] B. ക്രിസ്ത്യാനികളിൽ
- [ ] C. മുസ്ലിംകളിൽ
- [ ] D. ജൂതന്മാരിൽ

**9) വ്യക്തമായ തെളിവുകളുമായി ഈസാ(അ) വരുകയും അദ്ദേഹത്തിന്റെ ജനതക്ക് ഉപദേശങ്ങൾ നൽകുകയുമുണ്ടായല്ലോ. താഴെ നൽകിയവയിൽ ഒന്ന് തെറ്റിച്ചു നൽകിയത് ഏത് ?**

- [ ] A. തീർച്ചയായും ഞാൻ നിങ്ങൾക്കു വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു

B. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

C. നിശ്ചയമായും, അല്ലാഹു തന്നെയാണ് എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും

D. അതിനാൽ, നിങ്ങൾ എന്നെ ആരാധിക്കണം. ഇതു നേരായ പാതയാകുന്നു

## 10) അന്ത്യനാളിന്റെ ഒരു പ്രത്യേകതയായി വചനത്തിൽ എടുത്തു പറഞ്ഞത് ................ ?

A. ചങ്ങാതിമാർ ശത്രുക്കളാകുന്ന ദിവസം

B. കുടുംബക്കാർ പഴി ചാരുന്ന ദിവസം

C. നഫ്സീ നഫ്സീ എന്ന് വിളിക്കുന്ന ദിവസം

D. എല്ലാവരാലും കയ്യൊഴിയുന്ന ദിവസം

Day 7

## 1) 'നിങ്ങൾക്ക് ഭയവുമില്ല, നിങ്ങൾ വ്യസനപ്പെടുകയുമില്ല' ഈ സുവിശേഷങ്ങൾക്ക് അർഹരാകുന്ന നല്ല അടിയാന്മാർ ആരായിരിക്കും ?

A. അല്ലാഹുവിന്റെ ആയത്തുകളിൽ വിശ്വസിച്ചവർ

B. മുസ്ലിംകളായിത്തീർന്നവർ

C. മുകളിലെ രണ്ട് വിശേഷണങ്ങളിൽ ഏതെങ്കിലും ഒന്നും മാത്രമായുള്ള അടിയാന്മാർ

D. മുകളിലെ രണ്ടു വിശേഷണങ്ങളും ഒരുമിച്ചു കൂടിയുള്ള അടിയന്മാർ

## 2) ആദ്യ ചോദ്യത്തിൽ പരാമർശിച്ച അല്ലാഹുവിന്റെ അടിയാന്മാർക്ക് ലഭിക്കുന്ന സ്വീകരണത്തിന്റെ സ്വഭാവം ഇവിടെ ആയത്തിൽ നൽകിയിട്ടുള്ളത് എന്താണ് ?

A. 'നിങ്ങളും ഇണകളും സന്തോഷ ഭരിതരായിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ' എന്നവരോട് പറയപ്പെടും

- [ ] **B.** അവർക്ക് ലളിതമായ വിചാരണയായിരിക്കും, അവരെ സ്വർഗത്തിലേക്ക് സന്തോഷത്തോടെ ആനയിക്കും

- [ ] **C.** അവരെ വലതു പക്ഷക്കാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കും

- [ ] **D.** അനുഗ്രഹത്തിന്റെ മാലാഖമാർ അവരെ പൊതിയും

## 3) "ആ ഭയഭക്തന്മാർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന് അവകാശമായി അവർക്ക് നൽകപ്പെട്ടിട്ടുള്ള സ്വർഗ്ഗം" ; ആ സ്വർഗ്ഗലോകത്തിന്റെ പ്രത്യേകതകളാണ് .....................

- [ ] **A.** സ്വർണ്ണംകൊണ്ടുള്ള തളികകളും കോപ്പകളുമായി അവരിൽ ചുറ്റിനടക്കപ്പെടും

- [ ] **B.** മനസ്സുകൾ ഇച്ഛിക്കുകയും കണ്ണുകൾ രസിക്കുകയും ചെയ്യുന്നതെല്ലാം അതിലുണ്ടാകും

- [ ] **C.** അതിൽ അവർ നിത്യവാസികളായിരിക്കും

- [x] **D.** മുകളിൽ നൽകിയവയെല്ലാം ആ സ്വർഗ്ഗലോകത്തിന്റെ പ്രത്യേകതകളാണ്

## 4) സ്വർഗ്ഗക്കാരിൽ ഏറ്റവും താണ പടിയിലുള്ളവന് തന്നെ ലഭിക്കുന്ന പ്രതിഫലത്തിന്റെ വ്യാപ്തിയെന്തായിരിക്കും എന്നാണ് പ്രവാചകർ (സ) അരുൾ ചെയ്തത് ?

- [ ] **A.** അയാളുടെ കണ്ണെത്താ ദൂരത്തോളം ഉൾക്കൊള്ളുന്നത്ര അനുഗ്രഹങ്ങൾ അവന് ലഭിക്കും

- [ ] **B.** അയാളുടെ കണ്ണെത്താ ദൂരത്തോളം ഉൾക്കൊള്ളുന്നതും വീണ്ടും അത്രയും തന്നെ അനുഗ്രഹങ്ങൾ അവന് ലഭിക്കും

- [ ] **C.** അയാളുടെ കണ്ണെത്താ ദൂരത്തോളം ഉൾക്കൊള്ളുന്നതും അതിന്റെ അഞ്ചിരട്ടിയും തന്നെ അനുഗ്രഹങ്ങൾ അവന് ലഭിക്കും

- [x] **D.** തന്റെ തോട്ടങ്ങൾ, തന്റെ ഭാര്യമാർ, ഭൃത്യന്മാർ, സുഖസൗകര്യത്തിനുള്ള വിഭവങ്ങൾ, കട്ടിലുകൾ മുതലായവയെ ആയിരം കൊല്ലത്തെ ദൂരത്തോളം നോക്കിക്കാണാവുന്നവനായിരിക്കും

## 5) രാവിലെയും വൈകുന്നേരവും അല്ലാഹുവിന്റെ തിരുമുഖം ദർശിക്കാൻ സാധിക്കുന്ന മഹാഭാഗ്യവാൻ ആരായിരിക്കും ?

- [ ] **A.** സ്വർഗത്തിൽ ആദ്യമായി പ്രവേശിക്കുന്ന മുൻഗാമികളിലെ മൂന്നിലൊന്ന് വിഭാഗം

- [x] B. അല്ലാഹുവിങ്കൽ കൂടുതൽ ആദരണീയനായിട്ടുള്ളവൻ
- [ ] C. മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ നിന്നുള്ള അവസാന മൂന്നിലൊന്ന് വിഭാഗം
- [ ] D. വൻ പാപങ്ങൾ സംഭവിക്കാത്ത സത്യവിശ്വാസികൾ

**6) "സന്തോഷത്താൽ പ്രശോഭിതമായ ചില മുഖങ്ങൾ അന്ന് അവയുടെ റബ്ബിങ്കലേക്കു....................."**

- [ ] A. തിരികെ ചെല്ലുന്നവയായിരിക്കും
- [ ] B. തേടുന്നവരായിരിക്കും
- [x] C. നോക്കിക്കാണുന്നവയായിരിക്കും
- [ ] D. പ്രതീക്ഷയോടെ കാത്ത് നിൽക്കുന്നവയായിരിക്കും

**7) 'നിശ്ചയമായും, .................... നരകശിക്ഷയിൽ നിത്യവാസികളായിരിക്കും‘'; പാഠഭാഗത്തെ ആയത്തിൽ നിന്നും വിട്ടഭാഗം കണ്ടെത്തുക.**

- [ ] A. കപടവിശ്വാസികൾ
- [ ] B. തോന്നിവാസികൾ
- [ ] C. പങ്കുചേർത്തവർ
- [x] D. കുറ്റവാളികൾ

**8) നരകവാസികളുടെ അവസ്ഥയെന്തായിരിക്കും ?**

- [ ] A. അവരിൽ നിന്നത് അയവു വരുത്തപ്പെടുന്നതല്ല
- [ ] B. അവരതിൽ ആശയറ്റവരായിരിക്കും
- [ ] C. അവരതിൽ അക്രമികാരികളായി കാണപ്പെടും
- [x] D. എ യും ബി യും ശരിയാണ്

**9) ശിക്ഷ സഹിക്കവയ്യാതെ ഗതിമുട്ടുമ്പോൾ തങ്ങളുടെ യാതനക്കു ഒരറുതി ലഭിച്ചെങ്കിലോ എന്ന് മോഹിച്ചുകൊണ്ട് നരകവാസികൾ അതിന്റെ മേൽനോട്ടം വഹിക്കുന്ന മലക്കിനെ - മാലികിനെ - വിളിച്ച് അപേക്ഷിക്കുന്നത് എന്തായിരിക്കും ?**

- A. എന്തെങ്കിലും ഇളവ് റബ്ബിൽ നിന്നും വാങ്ങി തരുമോ ?
- B. തന്റെ റബ്ബ് ഞങ്ങളിൽ (മരണത്തിന്) തീരുമാനമെടുക്കട്ടെ !
- C. ഞങ്ങൾക്ക് വേണ്ടി താങ്കൾ തങ്ങളുടെ റബ്ബിനോട് പ്രാർത്ഥിക്കണം !
- D. ഞങ്ങളെ ഇവിടെ നിന്ന് എങ്ങിനെയെങ്കിലും പുറത്തു കൊണ്ടുവരുമോ ?

**10) നരകവാസികൾ മാലിക്കിനോട് വിളിച്ചു അപേക്ഷിക്കുമ്പോൾ മാലിക് നൽകുന്ന മറുപടി എന്തായിരിക്കും ?**

- A. ഞാൻ റബ്ബിനോട് നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം
- B. നിശ്ചയമായും ഞാൻ നിസ്സഹായനാണ്
- C. നിശ്ചയമായും നിങ്ങൾ ശിക്ഷയിൽതന്നെ താമസിക്കുന്നവരാകുന്നു

Day 8

**1) മുബ് രിമൂൻ مُبْرِمُونَ എന്നതിന് നൽകാവുന്ന കൃത്യമായ വാക്കർത്ഥമാണ് ........ ?**

- A. ഉറപ്പിക്കുന്നവരാണ്
- B. നാം ഉറപ്പിക്കുന്നവരാണ്
- C. തീർച്ചയായും നാമും ഉറപ്പിക്കുന്നവരാണ്
- D. അവർ ഉറപ്പിച്ചിരിക്കുന്നു

**2) കുറ്റവാളികളുടെ ഒരു വിചാരമെന്ന നിലക്ക് അല്ലാഹു വചനത്തിൽ പ്രസ്താവിച്ച ഒരു കാര്യമാണ് ?**

- A. ദൈവ ദൂതന്മാർ അവരുടെ അടുക്കൽ സന്നിഹിതരാവുന്നില്ല എന്ന്
- B. ഏൽപ്പിക്കപ്പെട്ട മലക്കുകൾ ഒന്നും രേഖപ്പെടുത്തുന്നില്ല എന്ന്
- C. അവരുടെ രഹസ്യവും, സ്വകാര്യ മന്ത്രവും നാം കേൾക്കുന്നില്ല എന്ന്
- D. അവർ ഗൂഢതന്ത്രങ്ങൾ മെനഞ്ഞിരിക്കുന്നു എന്ന്

**3) വചനത്തിൽ നമ്മുടെ ദൂതന്മാർ (رُسُلُنَا) എന്ന് പറഞ്ഞത് ആരെ ഉദ്ദേശിച്ചാണ് ?**

- [ ] **A.** സകല പ്രവാചകന്മാരെയും
- [ ] **B.** ഈസാ നബിയെയും മൂസാ നബിയെയും
- [ ] **C.** വഹ് യ് കൊണ്ടെത്തിക്കുന്ന മലക്കുകൾ
- [x] **D.** അവരുടെ ചെയ്തികളെല്ലാം രേഖപ്പെടുത്തുവാൻ ഏൽപിക്കപ്പെട്ട മലക്കുകൾ

**4) താഴെ നൽകിയതിൽ വചനത്തിൽ പരാമർശിക്കാത്ത ഭാഗം ഏതാണ് ?**

- [ ] **A.** ഭൂമിയുടെ റബ്ബ്
- [ ] **B.** ആകാശങ്ങളുടെ റബ്ബ്
- [ ] **C.** അർശിന്റെ റബ്ബ്
- [x] **D.** പരിശുദ്ധിയുടെ റബ്ബ്

**5) പരമകാരുണികന് വല്ല സന്താനവും ഉണ്ടെന്നു വരികിൽ, അതിന്റെ ആരാധകന്മാരിൽ ഞാൻ ഒന്നാമത്തേവനായിരിക്കും എന്ന് അവിശ്വാസികളോട് മറുപടി പറയാൻ നബി(സ)യോട് അല്ലാഹു ആവശ്യപ്പെടാൻ കാരണമെന്താണ് ?**

- [ ] **A.** മക്കക്കാർ അവരുടെ ആരാധ്യരെ സ്വീകരിക്കാൻ നബിയെ നിർബന്ധിച്ചത് കാരണം
- [ ] **B.** വേദക്കാരുടെ ആരാധ്യരെ സ്വീകരിക്കാൻ നബിയെ നിർബന്ധിച്ചത് കാരണം
- [ ] **C.** ക്രൈസ്തവരെ പ്രീതിപ്പെടുത്തി ഇസ്ലാമിലേക്ക് അവരെ ആകർഷിക്കാൻ
- [x] **D.** മക്കളെ സ്വീകരിക്കുക മക്കൾ ജനിക്കുക എന്നിങ്ങിനെ സൃഷ്ടികളുടേതായ സകലഗുണവിശേഷങ്ങളിൽ നിന്നും പരിശുദ്ധനാണ് അവൻ എന്ന് ബോധ്യപ്പെടുത്താൻ

**6) അവിശ്വാസികൾക്ക് തോന്നിയ വാസികളായി ജീവിക്കാൻ അള്ളാഹു സമയം കൊടുത്തത് ഏത് വരെയെന്നാണ് വചനത്തിൽ പരാമർശിക്കുന്നത് ?**

- [x] **A.** അവരോട് താക്കീത് ചെയ്യപ്പെട്ടുവരുന്ന അവരുടെ ആ ദിവസവുമായി കണ്ടുമുട്ടുന്നത് വരെ

- [ ] **B.** അല്ലാഹുവിന്റെ ശിക്ഷ അവരുടെ മേൽ യാദൃശ്ചികമെന്നോണം വന്നിറങ്ങുന്നത് വരെ

- [ ] **C.** അവർ അവരുടെ സുഖ നിദ്രയിലായിരിക്കെ അല്ലാഹുവിന്റെ വാഗ്ദാനം യാഥാർഥ്യമാകുന്നത് വരെ

- [ ] **D.** ആകാശവും ഭൂമിയും പൊട്ടിപ്പിളർന്നു അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നത് വരെ

## 7) ഒരേ വചനത്തിൽ അല്ലാഹുവിനെ കുറിച്ച് പറഞ്ഞ ചില വിശേഷണങ്ങൾ കാണുന്നുണ്ട് . അവയിൽ ഉൾപ്പെടുന്നത് തെരഞ്ഞെടുക്കുക ?

- [ ] **A.** ആകാശത്തിന്റെ ആരാധ്യൻ
- [x] **B. അഗാധജ്ഞൻ**
- [ ] **C.** ഭൂമിയുടെ ആരാധ്യൻ
- [ ] **D.** സൂക്ഷ്മജ്ഞൻ

## 8) താഴെ നൽകിയതിൽ അല്ലാഹുവിന്റെ വിശേഷണമായി എടുത്ത് പറയാത്ത കാര്യമാണ് .......... ?

- [ ] **A.** ആകാശ ഭൂമികളുടെ രാജാധിപത്യമുള്ളവൻ
- [ ] **B.** അന്ത്യ സമയത്തെ കുറിച്ച് അറിവുള്ളവൻ
- [ ] **C.** വളരെ മഹത്വമേറിയവൻ
- [x] **D. കാര്യങ്ങളെ അറിഞ്ഞു കൊണ്ട് യഥാർത്ഥത്തിന് സാക്ഷ്യം വഹിക്കുന്നവൻ**

## 9) അല്ലാഹു തൃപ്തിപ്പെട്ടുകൊടുത്തവർക്കുവേണ്ടി ശുപാർശ ചെയ്യാൻ അല്ലാഹു അനുമതി നൽകുന്നത് ആർക്കാണ് ?

- [ ] **A.** എല്ലാ സജ്ജനങ്ങൾക്കും
- [ ] **B.** എല്ലാ ആരാധ്യന്മാർക്കും
- [ ] **C.** അല്ലാഹുവിനെ തൃപ്തിപ്പെട്ട എല്ലാവർക്കും
- [x] **D. മലക്കുകൾക്ക്**

## 10) " എന്റെ റബ്ബേ ഇക്കൂട്ടർ വിശ്വസിക്കാത്ത ഒരു ജനതയാണ് " അല്ലാഹുവിന്റെ പ്രവാചകന്റെ ഈ സങ്കടത്തിന് അല്ലാഹു നൽകിയ മറുപടി എന്തായിരുന്നു ?

- [ ] **A.** നബിയേ, നിങ്ങൾ നിങ്ങളുടെ കടമ നിർവ്വഹിക്കുക , അവർ വഴിയേ വിശ്വസിച്ചു കൊള്ളും
- [ ] **B.** നബയെ താങ്കൾ ഉദ്ബോധനം നടത്തുക , ഉപകാരമുള്ളവൻ സ്വീകരിച്ചു കൊള്ളും
- [x] **C.** നബിയേ അവരെ വിട്ടു പിരിഞ്ഞു പോരുക ,അവരോട് സലാം പറഞ്ഞേക്കുകയും ചെയ്യുക
- [ ] **D.** അവർ അറിവില്ലാത്ത ജനങ്ങളാണ് , അവരോട് മയത്തിൽ പെരുമാറുക, കാര്യങ്ങൾ അവർ

Day 9

## 1) വിശുദ്ധ ഖുർആൻ അവതീർണമായ രാത്രിയെ ആയത്തിൽ വിശേഷിപിപ്പിച്ചത് എങ്ങനെ ?

- [x] **A.** അനുഗ്രഹീത രാത്രി
- [ ] **B.** വേറിട്ട് നിൽക്കുന്ന രാത്രി
- [ ] **C.** യുക്തിമത്തായ രാത്രി
- [ ] **D.** സ്പഷ്ടമായ രാത്രി

## 2) യുക്തിമത്തായ എല്ലാ കാര്യവും അതിൽ വേർതിരിച്ചു വിവരിക്കപ്പെടുന്നു; 'ഏതിൽ' ആണിവിടെ ഉദ്ദേശം ?

- [ ] **A.** ഖുർആനിൽ
- [x] **B.** ആ രാത്രിയിൽ
- [ ] **C.** ലൗഹിൽ മഹ്ഫൂളില്
- [ ] **D.**റമദാനിൽ

## 3) വിശുദ്ധ ഖുർആനിന്റെ പ്രത്യേകതയായി വചനത്തിൽ വന്നത് ...............

- [ ] **A.** യുക്തിമത്തായത്
- [ ] **B.** റസൂലുകളെ അയക്കുന്നത്
- [x] **C. സ്പഷ്ടമായ വേദഗ്രന്ഥം**
- [ ] **D.** മുന്നറിയിപ്പുകൾ നൽകുന്നത്

## 4) എല്ലാ കാര്യങ്ങളുടെയും മൂലരേഖയായ 'ലൗഹുൽ മഹ്ഫൂളി'ൽ നിന്നു അതതു കൊല്ലങ്ങളിൽ ലോകത്തു നടക്കുന്നതും, നടക്കേണ്ടതുമായ കാര്യങ്ങൾ മലക്കുകൾക്കു ആ രാത്രിയിൽ വിവരിച്ചുകൊടുക്കുമെന്നാണ് ഈ വചനത്തിന്റെ വ്യാഖ്യാനമായി പ്രധാന മുഫസ്സിറുകൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ളത് ; വചനം ഏത് ?

- [ ] **A.** നാം മുന്നറിയിപ്പു നൽകുന്നവരാകുന്നു
- [x] **B. യുക്തിമത്തായ എല്ലാ കാര്യവും അതിൽ വേർതിരിച്ചു വിവരിക്കപ്പെടുന്നു**
- [ ] **C.** നാം ദൗത്യം നൽകുന്ന റസൂലുകളെ അയക്കുന്നവരാകുന്നു;
- [ ] **D.** നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യമായിക്കൊണ്ട്

## 5) ഖുർആനുമായി യോജിച്ചു വരുന്ന പ്രസ്താവന തെരഞ്ഞെടുക്കുക

- [ ] **A.** വിശുദ്ധ ഖുർആൻ അവതീർണ്ണമായത് ശഅബാൻ മാസത്തിലെ പതിനഞ്ചാം രാവിലാണ്
- [ ] **B.** ഖുർആൻ അവതരിപ്പിക്കപ്പെട്ട അനുഗ്രഹീത രാത്രിയും ലൈലത്തുൽ - ഖദർ രണ്ടും വ്യത്യസ്ത രാത്രികളാണ്
- [x] **C. വക്രതയും കെട്ടിപ്പിണക്കവും കൂടാതെ വിഷയങ്ങൾ സ്പെഷ്ടമായി വിവരിക്കുന്ന വേദമാണ് വിശുദ്ധ ഖുർആൻ**
- [ ] **D.** പ്രവാചകത്വം ലഭിച്ചതു മുതൽ 23 കൊല്ലക്കാലവും ഖുർആന്റെ അവതരണം ഈ രാത്രിയിൽ ആയിരുന്നു

## 6) ലൗഹുൽ മഹ്ഫൂദ്നെ പറ്റി ശരിയല്ലാത്ത അഭിപ്രായം ഏതെന്ന് കണ്ടു പിടിക്കുക ?

- [ ] A. അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന മൂല ഗ്രന്ഥമാണ് അത്

- [ ] B. എല്ലാ കാര്യങ്ങളുടെയും മൂലരേഖയായ 'ലൗഹുൽ മഹ്ഫൂദിൽ നിന്നു അതതു കൊല്ലങ്ങളിൽ ലോകത്തു നടക്കുന്നതും, നടക്കേണ്ടതുമായ കാര്യങ്ങൾ മലക്കുകൾക്കു അറിയിച്ചു കൊടുക്കുന്നതാണ്

- [ ] C. ലൗഹുൽ മഹ്ഫൂളി' ൽ നിന്ന് ഖുർആന്റെ മുഴുവൻ ഭാഗവും അടുത്ത ആകാശലോകത്തേക്കു ആ രാത്രിയിൽ അവതരിപ്പിച്ചു എന്ന അഭിപ്രായമാണ് കൂടുതൽ മുഫസ്സിറുകളും സ്വീകരിച്ചുകാണുന്നത്

- [x] D. സത്യ വിവേചനം , പ്രപഞ്ചത്തിന്റെ മുന്നോട്ടുള്ള ഗമനം , സൃഷ്ടികളുടെ സൃഷ്ടിപ്പ് , അവയുടെ നാശം , മനുഷ്യരുടെ കർമ്മ ഫലങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ട മൂല ഗ്രന്ഥമാണ് ഇത്

## 7) സംശയത്തിലുള്ള അവിശ്വാസികൾ അവരെ മൂടിക്കളയുന്ന ദിവസത്തിൽ പറയുന്ന സംസാരമാണ് ........... ?

- [ ] A. ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾക്ക് ഞങ്ങളുടെ തെറ്റ് ബോധ്യപ്പെട്ടിരിക്കുന്നു
- [x] B. ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്ന് ശിക്ഷ ഒഴിവാക്കി തരേണമേ
- [ ] C. ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളുടെ സംശയം നീങ്ങിയിരിക്കുന്നു
- [ ] D. ഞങ്ങളുടെ രക്ഷിതാവേ നിശ്ചയമായും ഞങ്ങൾ മടങ്ങുന്നവരാകുന്നു

## 8) ഇബ്നു അബ്ബാസ് (റ) ന്റെ അഭിപ്രായത്തിൽ വലിയ പിടുത്തം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നാണ് ?

- [x] A. ഖിയാമത്ത് നാൾ
- [ ] B. ബദർ യുദ്ധം
- [ ] C. ദുനിയാവിൽ വെച്ച് തന്നെ നിഷേധികൾക്ക് ലഭിക്കുന്ന ശിക്ഷ
- [ ] D. ഇവയൊന്നുമല്ല

## 9) ഇബ്നു അബ്ബാസ് (റ) ന്റെ അഭിപ്രായത്തിൽ ആകാശം കൊണ്ട് വരുന്ന പുക എന്നതിന് നൽകിയ വിശദീകരണം എന്താണ് ?

- [x] A. ഖിയാമത്ത് നാളിന്റെ അടയാളമായി വരുന്ന പുക
- [ ] B. പട്ടിണിയുടെ നാളുകളിൽ ഖുറൈശികളെ മൂടിയ പുക
- [ ] C. ഏതൊരു ശിക്ഷ വരുന്നതിനു മുമ്പും ആകാശത്തിലെ മേഘാവൃതമായ മൂടൽ

D. ഇവയൊന്നുമല്ല

Day 10

## 1) മൂസാ നബി(അ) യുടെ വിശേഷണമായി ആയത്തുകളിൽ വന്നിട്ടുള്ളത് .............

A. മാന്യനായ ഒരു റസൂൽ رَسُولٌ كَرِيمٌ

B. വിശ്വസ്തനായ ഒരു റസൂൽ رَسُولٌ أَمِينٌ

C. സ്പഷ്ടമായ ഒരു റസൂൽ رَسُولٌ مُّبِينٌ

D. എ യും ബി യും ശരിയാണ്

## 2) മൂസാ നബി (അ) തന്റെ ഒരു ദൗത്യമായി ഫിർഔനിനെ ബോധിപ്പിച്ചത് എന്തായിരുന്നു ?

A. അല്ലാഹുവിന്റെ അടിയാൻമാരെ (ഇസ്റാഈല്യരെ) വിട്ടുതരണം

B. അല്ലാഹുവിന്റെ അടിയാൻമാരെ (ഇസ്റാഈല്യരെ) എറിഞ്ഞോട്ടണം

C. ഖിബ്ത്തികളെ മോചിപ്പിക്കണം

D. ഖിബ്ത്തികളെ തന്നോടൊപ്പം ഫലസ്തീനിലേക്ക് വിട്ടയക്കണം

## 3) മൂസാ നബി (അ) പറഞ്ഞതായി വന്നിട്ടുള്ളത് ഏത് ?

A. എന്നിൽ വിശ്വസിക്കാത്തപക്ഷം ഞാൻ നിങ്ങളെ കൊണ്ട് പരീക്ഷണം ചെയ്യുന്നതാണ്

B. ഞാൻ നിങ്ങളെ ഫിർഔനിൽ നിന്ന് രക്ഷപ്പെടുത്താം

C. നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളിൽ നിന്ന് വിട്ടകന്നു പോയിക്കൊള്ളാം

D. നിശ്ചയമായും ഞാൻ നിങ്ങൾക്കു സ്പഷ്ടമായ അധികൃതലക്ഷ്യം കൊണ്ടുവന്നു തരാം

## 4) തർജുമൂൻ تَرْجُمُونِ എന്ന പദത്തിന് നൽകാവുന്ന അർത്ഥങ്ങളിൽ ............... ഉൾപ്പെടില്ല

- [ ] A. എറിഞ്ഞോട്ടുക
- [ ] B. ബഹിഷ്കരിക്കുക
- [ ] C. മർദ്ദിക്കുക
- [x] D. ശക്തിയായി അടിക്കുക

### 5) ഫിർഔനിനും കൂട്ടർക്കും എതിരിൽ നടപടി എടുക്കാൻ എങ്ങിനെയാണ് മൂസ (അ) തന്റെ റബ്ബിനോട് പ്രാർത്ഥിച്ചത് ?

- [ ] A. ഇവരെ ഭൂമുഖത്ത് ഒന്നും അവശേഷിപ്പിക്കാതെ തുടച്ചു നീക്കണമേ
- [x] B. ഇക്കൂട്ടർ കുറ്റവാളികളായ ഒരു ജനതയാണ്!
- [ ] C. ഇവരെ മുഴുവനായും ശിക്ഷക്കണമേ
- [ ] D. ഇവരെ മുക്കി നശിപ്പിക്കണമേ

### 6) മൂസാ (അ)യുടെ പ്രാർത്ഥനക്ക് റബ്ബ് മറുപടി നൽകയത് എങ്ങിനെ?

- [x] A. ഒരു രാത്രി ഇസ്രാഈല്യരെയും കൂട്ടി രഹസ്യമായി പുറപ്പെട്ട് ചെങ്കടൽ കടന്നു പോകാൻ കൽപന നൽകി
- [ ] B. ഇസ്രാഈല്യരെയും കൂട്ടി പരസ്യമായി പുറപ്പെടുക, അപ്പോൾ ഫിർഔൻ പിൻതുടർന്ന് വരുന്നതാണ്
- [ ] C. ഫിർഔൻ പിൻതുടരാൻ തുടങ്ങിയാൽ വടിയെടുത്തു നീ മുന്നോട്ട് നടക്കുക
- [ ] D. ഫിർഔൻ അടുത്തെത്തിയാൽ വടി കൊണ്ട് നീ താഴെയടിക്കുക

### 7) ' തുറന്നു വിശാലമായ സമുദ്രത്തെ നീ വിട്ടു പോവുക ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?

- [ ] A. ആഴം കുറഞ്ഞ ഭാഗം നോക്കി വടി കുത്തിപ്പിടിച്ച് രക്ഷപ്പെടുക എന്നതാണ് ഉദ്ദേശിക്കുന്നത്
- [ ] B. പിടിക്കപ്പെടുമെന്ന് കരുതിയ മൂസാ നബിയോട് സമുദ്രത്തിലൂടെ കടന്ന് പോകാൻ വേണ്ടിയുള്ള കൽപ്പനയാണിത്
- [x] C. ഫിർഔനും കൂട്ടരും സമുദ്രത്തിലും പിൻതുടർന്ന് വരുന്നത് കണ്ട് തങ്ങളെ പിടിക്കും എന്ന് ഭയപ്പെട്ട് സമുദ്രം പഴയ പടിയാവാൻ അതിനെ അടിക്കാൻ

മൂസാനബി(അ) ഉദ്ദേശിച്ചു. എന്നാൽ 'സമുദ്രത്തെ വിശാലമായ നിലയിൽ വിട്ടുപോകുക' എന്ന് അല്ലാഹു കൽപ്പിച്ചു

- [ ] **D.** സമുദ്ര വഴിയിൽ വല്ല മൂല്യവസ്തുക്കളും കണ്ടാൽ അവ വിട്ടുകളയുക

## 8) "എത്രയാണവർ ഉപേക്ഷിച്ച് പോയത്?" അവർ വിട്ടേച്ചു പോയ അനുഗ്രഹങ്ങൾ ആയത്തിൽ പരാമർശിച്ചവയിൽ ഉൾപെടാത്തത് ഏത് ?

- [ ] **A.** തോട്ടങ്ങളൾ, അരുവികൾ
- [ ] **B.** കൃഷികൾ
- [ ] **C.** മാന്യമായ വാസസ്ഥലം
- [x] **D. കോട്ടകൾ,കൊട്ടാരങ്ങൾ, പരിവാരങ്ങൾ**

## 9) "അവരുടെ പേരിൽ ........................................ ; അവർ കാലതാമസം നൽകപ്പെട്ടവരായതുമില്ല"

- [ ] **A.** ഒരിലപോലും കൊഴിഞ്ഞില്ല
- [ ] **B.** ഒരാള്പോലും ദുഖിച്ചില്ല
- [x] **C. ആകാശവും, ഭൂമിയും കരഞ്ഞില്ല**
- [ ] **D.** ഒരു ചെറുപ്രാണി പോലും ശബ്ദിച്ചില്ല

## 10) മുങ്ങി നശിക്കാറായപ്പോൾ ഫിർഔൻ പശ്ചാത്തപിച്ചു നോക്കി.അപ്പോൾ അല്ലാഹു പറഞ്ഞത് എന്തായിരുന്നു?

- [x] **A. ഇതുവരെയും ധിക്കാരം പ്രവർത്തിക്കുകയും കുഴപ്പമുണ്ടാക്കുകയും ചെയ്തു. ഇപ്പോഴാണോ വിശ്വസിക്കുവാൻ തയ്യാറാകുന്നത്?!**
- [ ] **B.** വേറൊരു ജനതക്ക് ഇതൊരു പാഠമായി നൽകുന്നതാണ്
- [ ] **C,**ഇല്ല , അവർക്ക് ഇനി കാലതാമസമില്ല
- [ ] **D.** നിങ്ങളുടെ പേരിൽ ഒരാള്പോലും കരയുകയില്ല

Day 11

**1) ഇസ്രാഈൽ സന്തതികളെ അല്ലാഹു അവന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുത്തി ; എങ്ങിനെയുള്ള ശിക്ഷയെന്നാണ് അല്ലാഹു അതിനെ പരിചയപെടുന്നത് ?**

- [ ] A. സ്ഥായിയായ ശിക്ഷ
- [ ] B. ഘോരമായ ശിക്ഷ
- [x] C. നിന്ദ്യമായ ശിക്ഷ
- [ ] D. മാതൃകാ ശിക്ഷ

**2) 'അതിരുകവിഞ്ഞവരിൽപെട്ട ഒരു പൊങ്ങച്ചക്കാരനായിരുന്നു അവൻ'; ആരാണവൻ ?**

- [ ] A. ഖാറൂൻ
- [x] B. ഫിർഔൻ
- [ ] C. ഹാമാൻ
- [ ] D. അബൂ ജഹൽ

**3) അറിഞ്ഞുകൊണ്ടുതന്നെ ലോകരെക്കാൾ അവരെ നാം (ഉത്തമൻമാരാക്കി) തിരഞ്ഞെടുക്കുകയുണ്ടായി ; ആരെയാണ് അല്ലാഹു ലോകരേക്കാൾ ഉത്തമൻമാരാക്കി തിരഞ്ഞെടുത്തത് ?**

- [x] A. ഇസ്രാഈൽ സന്തതികളെ
- [ ] B. യഹൂദരെ
- [ ] C. ക്രിസ്ത്യാനികളെ
- [ ] D. എല്ലാം ശരിയാണ്

**4) ഇസ്രാഈല്യർക്കു ലഭിച്ച പ്രത്യേകാനുഗ്രഹങ്ങളിൽ ഉൾപെടാത്തത് തിരഞ്ഞെടുക്കുക**

- [ ] A. എത്രയോ പ്രവാചകൻമാരും, രാജാക്കളും അവരിൽ ഉണ്ടായി.
- [ ] B. നിയമപ്രമാണവും വേദഗ്രന്ഥവുമായ തൗറാത് ലഭിച്ചു
- [ ] C. സീനാ താഴ്‌വരയിൽ വെച്ചു 'മന്നാ'യും 'സൽവാ'യും ലഭിച്ചു, മേഘത്തണൽ നൽകി

D. സീനാ താഴ്‌വരയിൽ വെച്ചു ആകാശത്തു നിന്ന് മാഇദ (ഭക്ഷണ തളിക) ഇറക്കി കൊടുത്തു

## 5) മുശ്രിക്കുകൾ പറഞ്ഞിരുന്നത് എന്താണ് ?

A. പുനർജന്മത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു, പക്ഷെ ഈ ലോകത്തു തന്നെ മറ്റൊരു ജീവിയായി പുനർജനിക്കും

B. നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ മറ്റൊന്നു ഇല്ല; നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരുമല്ല.

C. മറ്റൊരു ജീവിതമില്ല, ഉണ്ടെങ്കിൽ തന്നെ ഞങ്ങൾക്ക് നല്ല പര്യവസാനമായിരിക്കും

D. മറ്റൊരു ജീവിതം അസംഭവ്യം തന്നെ, മരണത്തെ ഞങ്ങൾക്ക് ഭയവുമില്ല

## 6) മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപിനെ പറ്റി പറയുമ്പോൾ, അതിനെ നിഷേധിക്കുവാൻ അവർ പറയാറുള്ള ഒരു ദുർന്യായമാണ്: ......................

A. അങ്ങിനെയുണ്ടെങ്കിൽഞങ്ങളെ ഒന്ന് മരിപ്പിച്ചു പുനർജീവിപ്പിക്കുവിൻ

B. ഞങ്ങളോട് അല്ലാഹു നേരിട്ടു വന്ന് അത് പറയട്ടെ

C. അങ്ങിനെയുണ്ടെങ്കിൽ നീ തെളിവുകൾ സമർപ്പിക്കൂ, ഞങ്ങൾ നോക്കി കാണട്ടെ

D. അങ്ങിനെയുണ്ടെങ്കിൽ നമ്മുടെ പിതാക്കളെ നിങ്ങൾ കൊണ്ടുവരുവിൻ

## 7) 'അവരെയെല്ലാം (മുശരിക്കുകൾക്ക് മുമ്പുണ്ടായിരുന്ന അവരേക്കാൾ ഉത്തമൻമാരായവരെയെല്ലാം) അല്ലാഹു നശിപ്പിച്ചിരിക്കുന്നു. കാരണം അവർ ..............................' ; ആയത്തിൽ നിന്നും വിട്ടഭാഗം കണ്ടെത്തുക.

A. ശിക്ഷക്കു ബാധ്യസ്ഥരായിരുന്നു

B. കുറ്റവാളികളായിരുന്നു

C. ഊക്കൻമാരിയിരുന്നു

D. ശക്തന്മാരായിയുന്നു

## 8) ആരായിരിന്നു തുബ്ബഉകൾ ? ആരായിരുന്നു തുബ്ബഉ് ?

A. ഈജിപ്തിലെ ഖിബ്-ത്വീ (കൊപ്തീ) രാജവംശം, തുബ്ബഉ് അവരുടെ രാജാവും

- [x] **B.** യമനിലെ ഒരു പുരാതന രാജകുടുംബം, തുബ്ബഉ് അവരിലെ ഒരു സൽപുരുഷനും
- [ ] **C.** ബൽഖീസ് രാജ്ഞിയുടെ പ്രജകൾ, തുബ്ബഉ് ബൽഖീസ് രാജ്ഞിയുടെ ഭർത്താവും
- [ ] **D.** മുൻ കഴിഞ്ഞ ധിക്കാരികളായ ഒരു സമൂഹം, തുബ്ബഉ് അവരുടെ ആരാധ്യപുരുഷനും

**9) താഴെ നൽകിയവയിൽ മൂന്നെണ്ണം അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങളുടെ ആശയമാണ്. തെറ്റായി നൽകിയത് കണ്ടെത്തുക ?**

- [ ] **A.** ആകാശങ്ങളെയും ഭൂമിയെയും, രണ്ടിനുമിടയിലുള്ളവയെയും നാം കളിച്ചുകൊണ്ടു (വ്യഥാ) സൃഷ്ടിച്ചിരിക്കുകയല്ല.
- [ ] **B.** നിങ്ങളെ നാം വ്യഥാ സൃഷിടിച്ചിരിക്കുക മാത്രമാണെന്നും, നിങ്ങൾ നമ്മുടെ അടുക്കലേക്കു മടക്കപ്പെടുന്നതല്ലെന്നും നിങ്ങൾ വിചാരിച്ചുവോ?
- [ ] **C.** ന്യായമായ കാര്യത്തോടുകൂടിയല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല
- [x] **D.** ന്യായമായ കാര്യത്തോടുകൂടിയായി അവയെ നാം സൃഷ്ടിച്ചിട്ടില്ല

**10) "തീരുമാനത്തിന്റെ ദിവസമാകുന്ന ഖിയാമത്തുനാളിൽ ........................ "; തുടർ വചനങ്ങൾ പരിശോധിച്ച് കൂട്ടത്തിൽ ഉൾപെടാത്തത് തിരഞ്ഞെടുക്കുക**

- [ ] **A.** അത് അവരെല്ലാവരുടെയും നിശ്ചിത സമയമാകുന്നു.
- [ ] **B.** ഒരു ബന്ധുവും ഒരു ബന്ധുവിനു ഒട്ടും ഉപകരിക്കാത്ത ദിവസം.
- [ ] **C.** അവർ സഹായിക്കപ്പെടുന്നതല്ല, അല്ലാഹു കരുണചെയ്തവരൊഴികെ.
- [x] **D.** അവർ അന്താളിച്ചു നിൽക്കുന്നതാണ്

## Day 12

**1) നരകക്കാരുടെ ഭക്ഷണവും അത് കഴിച്ചാലുണ്ടാകുന്ന അനുഭവവും സൂറത്തുദ്ദുഖാനിൽ വിശദീകരിക്കുന്നുണ്ട്. താഴെ നൽകിയവയിൽ ഒന്ന് മാത്രം മറ്റൊരു സൂറത്തിൽ നിന്നുള്ളതാണ്. ഈ സൂറത്തിൽ നിന്നല്ലാത്ത വചനാർത്ഥം ഏത് ?**

- [ ] **A.** സഖ്വൂം വൃക്ഷത്തിന്റെ ഫലമായിരിക്കും നരകക്കാരുടെ ആഹാരം
- [ ] **B.** അത് ഉരുകിയ ലോഹദ്രാവകം പോലെയായിരിക്കും
- [ ] **C.** ചുട്ടവെള്ളം തിളച്ചുമറിയുന്നതു പോലെ വയറുകളിൽ അത് തിളച്ചുമറിയും

D. അതിനുമീതെ ചുട്ടു തിളക്കുന്ന വെള്ളം കുടിക്കാൻ കൊടുക്കും, അതവരുടെ ആമാശയങ്ങളെ നുറുക്കിക്കളയും.

## 2) പാപിയായി നരകത്തിൽ പ്രവേശിക്കപ്പെട്ടവന്റെ അവസ്ഥകൾ അല്ലാഹു വിശദീകരിക്കുന്നു. അവനെ പിടിക്കുവാനും ജ്വലിക്കുന്ന നരകത്തിന്റെ മദ്ധ്യത്തിലേക്കു വലിച്ചിഴക്കുവാനും പറയപ്പെടും, പിന്നീട് അവന്റെ ................ ഉം പറയപ്പെടും.

A. തലക്കുമീതെ ചുട്ടുതിളക്കുന്ന വെള്ളമാകുന്ന ശിക്ഷയിൽനിന്നും ചൊരിയുവാനും

B. തല കീഴായി കെട്ടി തൂക്കാനും ഇരുമ്പു ദണ്ഡങ്ങൾ കൊണ്ടടിക്കാനും

C. വായപിളർത്തി ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നും കുടിപ്പിക്കാനും

D. കൈകളെ ചങ്ങലകളാൽ കെട്ടി, കടുത്ത ശിക്ഷയുടെ ചമ്മട്ടി ചൊരിയുവാനും

## 3) നരകവാസികളായ പാപികളെ പരിഹസിച്ചു കൊണ്ട് അല്ലാഹു അവരോട് പറയുന്നത് എന്തായിരിക്കും ?

A. ഇഹത്തിൽ വെച്ച് നീ വലിയ പ്രതാപവും മാന്യതയും നടിച്ചവനാണ്

B. പരലോക ജീവിതത്തെ പറ്റി നിനക്ക് സംശയം മാത്രമായിരുന്നു

C. നിശ്ചയമായും നീ തന്നെയാണ് പ്രതാപശാലിയും മാന്യനും

D. നീ നേടിയെടുത്ത അന്തസ്സും യോഗ്യതയുമാണ് ഇവ

## 4) "ഇതു നിങ്ങൾ സംശയപ്പെട്ടുകൊണ്ടിരുന്ന ആ കാര്യമാണ്" ; എന്തിനെക്കുറിച്ചായിരുന്നു അവർക്ക് സംശയമുണ്ടായിരുന്നത് ?

A. അവരുടെ പ്രതാപവും അന്തസ്സും അവരുടെ രക്ഷക്ക് വരികയില്ല എന്നത്

B. പരലോകജീവിതത്തെയും അവിടത്തെ ശിക്ഷയെയും

C. അല്ലാഹുവിനെക്കുറിച്ച്

D. പ്രവാചകന്മാരെക്കുറിച്ച്

## 5) ഭയഭക്തരായുള്ളവർക്കുള്ള സ്വർഗ്ഗ തോപ്പുകളെ വിശേഷിപ്പിച്ചത് എങ്ങിനെയാണ് ?

A. സുൻദുസ്

B. മഖാമിൻ അമീൻ

C. ജന്നാത്ത്

D. ഫൗസുൻ ഹലീം

**6) ഭയഭക്തരായുള്ളവർ സ്വർഗ്ഗത്തോപ്പുകളിൽ എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചുകൊണ്ട് കഴിഞ്ഞുകൂടും. അവർക്ക് ലഭിക്കുന്ന സുഖാനുഗ്രഹങ്ങളിൽ ചിലത് താഴെ നൽകിയിരിക്കുന്നു. ഈ വചനഭാഗങ്ങളിൽ വരാത്തത് ഏത് ?**

A. നേർമ്മപ്പട്ടും കട്ടിപ്പട്ടും കൊണ്ടുള്ള വസ്ത്രം

B. വിശാല നേത്രമുള്ള വെള്ളമെയ്യാമണികളായ ഇണകൾ

C. എല്ലാതരം പഴവർഗ്ഗങ്ങളും

D. ഉറവു പൊട്ടിയൊഴുകുന്ന (പാനീയ) ജലത്തിന്റെ നിറകോപ്പ

**7) ഭയഭക്തരായുള്ളവർക്ക് ലഭിക്കുന്നസ്വർഗ്ഗീയാരാമങ്ങളുടെ പ്രത്യേകതകൾ ആയത്തിൽ വിവരിച്ചതിൽ ഉൾപെടാത്തത് .................**

A. ആദ്യത്തെ മരണമല്ലാതെ, അവിടത്തിൽ വെച്ച് അവർ മരണം അനുഭവിക്കുന്നതല്ല

B. നരകശിക്ഷയെ അല്ലാഹു അവർക്കു കാത്ത് കൊടുക്കുകയും ചെയ്തിരിക്കുന്നു

C. രക്ഷിതാവിന്റെ അനുഗ്രഹത്താൽ, അതുതന്നെയാണ് (സ്വർഗം) മഹത്തായ ഭാഗ്യം.

D. അവർ ആഗ്രഹിക്കുന്ന പദവികളിലേക്ക് മലക്കുകളുടെ അനുവാദത്തോടെ അവർ പ്രവേശിക്കുന്നു

**8) 'ഒരു നല്ല ആട്ടുകൊറ്റന്റെ രൂപത്തിലായിക്കൊണ്ട് സ്വർഗ്ഗത്തിനും നരകത്തിനുമിടക്കു മരണത്തെ കൊണ്ടു വരപ്പെടും. പിന്നീടു അതിനെ അറുക്കപ്പെടും. എന്നിട്ട് ഇങ്ങിനെ പറയപ്പെടും:............................." ; നബി തിരുമേനി (സ) പ്രസ്താവിച്ചതായി ബുഖാരിയും, മുസ്‌ലിമും ഉദ്ധരിച്ച ഹദീസിന്റെ ബാക്കി ഭാഗം എന്താണ് ?**

- [x] A. 'ഹേ, സ്വർഗ്ഗക്കാരേ, ശാശ്വതജീവിതം! എനി മരണമില്ല!' 'ഹേ, നരകക്കാരേ, ശാശ്വതജീവിതം! എനി മരണമില്ല!'
- [ ] B. 'ഹേ, സ്വർഗ്ഗക്കാരേ, നിങ്ങൾക്കു ആരോഗ്യത്തോടു കൂടിയിരിക്കാം - എനി നിങ്ങൾക്കു ഒരിക്കലും രോഗം പിടിപെടുകയില്ല!'
- [ ] C. 'നിങ്ങൾക്കു ജീവിച്ചിരിക്കുകയും ചെയ്യാം. - എനി ഒരിക്കലും നിങ്ങൾ മരണപ്പെടുകയില്ല!'
- [ ] D. 'നിങ്ങൾക്കു സുഖസൗകര്യത്തോടെയിരിക്കാം - എനി ഒരിക്കലും നിങ്ങൾക്കു നിരാശ ബാധിക്കയില്ല!'

## 9) സ്വർഗ്ഗക്കാരോടു പറയപ്പെടുന്ന ഹദീസിൽ നിന്നും കൂട്ടത്തിൽ ഉൾപ്പെടാത്തത് കണ്ടെത്തുക .

- [ ] A. എനി ഒരിക്കലും നിങ്ങളെ വാർദ്ധക്യം പിടിപെടുകയില്ല.
- [ ] B. എനി നിങ്ങൾക്കു ഒരിക്കലും രോഗം പിടിപെടുകയില്ല
- [x] C. എനി ഒരിക്കലും നിങ്ങൾ പുനർജീവിക്കപ്പെടുകയില്ല
- [ ] D. എനി ഒരിക്കലും നിങ്ങൾ മരണപ്പെടുകയില്ല

## 10) ഖുർആനെ പ്രവാചകന്റെ ഭാഷയിൽ എളുപ്പമാക്കി സൗകര്യപ്പെടുത്തി തന്നിരിക്കുന്നത് ............... വേണ്ടി മാത്രമാകുന്നു

- [ ] A. പാരായണത്തിന്
- [ ] B. സൗകര്യപ്പെടുന്നവർക്ക് പഠിക്കാൻ
- [x] C. ഉറ്റാലോചിക്കുവാൻ
- [ ] D. നിങ്ങളെ പരീക്ഷിക്കാൻ

Day 13

## 1) പരിശുദ്ധ ഖുർആനിനെ വിശേഷിപ്പിച്ച മൂന്ന് വചനഭാഗങ്ങളുടെ അർത്ഥങ്ങൾ പാഠഭാഗത്തു നിന്നും താഴെ നൽകിയിട്ടുണ്ട്. ഇതിൽ പെടാത്തത് ..................

- [ ] A. ഈ വേദഗ്രന്ഥം അവതരിപ്പിക്കുന്നതു പ്രതാപശാലിയായ, അഗാധജ്ഞനായ അല്ലാഹുവിൽ നിന്നാകുന്നു.

- B. അല്ലാഹുവിന്റെ 'ആയത്തു'കൾ [വചനങ്ങളാകുന്ന ലക്ഷ്യങ്ങൾ] ആകുന്നു അവ
- C. ഇതൊരു ശരിയായ മാർഗ്ഗദർശനമത്രെ
- D. ആ ഗ്രന്ഥം, അതിൽ സന്ദേഹമേ ഇല്ല.

**2) "നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും .............................. പല ദൃഷ്ടാന്തങ്ങളുമുണ്ട്"; ആയത്തിൽ വിട്ടഭാഗമാണ് ?**

- A. സത്യവിശ്വാസികൾക്കു
- B. അവിശ്വസിച്ചവർക്ക്
- C. മനുഷ്യർക്ക്
- D. മനുഷ്യനാവശ്യമുള്ള

**3) "ബുദ്ധി ഉപയോഗിച്ച് മനസിലാക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്." ; ദൃഷ്ടാന്തങ്ങൾ പാഠഭാഗത്തെ ആയത്തിൽ പരാമർശിക്കാത്തത് ...............**

- A. രാവും പകലും വ്യത്യാസപ്പെടുന്നത്
- B. നിർജീവമായ ഭൂമിയെ മഴ മൂലം ജീവിപ്പിക്കുന്നത്
- C. കാറ്റുകളെ കൈകാര്യം ചെയ്തു നടത്തി പോരുന്നത്
- D. ഭൂമി ചെരിയാതിരിക്കാൻ ഉറച്ചുനിൽക്കുന്ന മലകളെ സ്ഥാപിച്ചത്

**4) നിഷ്കളങ്ക ഹൃദയത്തോടുകൂടി ആകാശഭൂമികളിലേക്കു കണ്ണോടിക്കുന്ന ഒരാൾക്ക് ഈ ലോകത്തിനൊരു സൃഷ്ടാവുണ്ടെന്നും, അവന്റെ പ്രവർത്തനങ്ങളാണ് ഇക്കാണുന്നതെല്ലാമെന്നുള്ള .................. .ഉണ്ടാവാതിരിക്കുകയില്ല. പിന്നീടവൻ സ്വന്തം ദേഹമടക്കമുള്ള ജന്തുജാലങ്ങളെയും, അവയുടെ വൈവിധ്യം, സ്ഥിതിഗതികൾ ആദിയായവയെയും സംബന്ധിച്ചു ചിന്തിക്കുന്നപക്ഷം, ആ വിശ്വാസം................. ആയിമാറുന്നു.**

- A. 'ഇൽമ്'(അറിവ്), 'ഈമാൻ' (സത്യവിശ്വാസം)
- B. 'ഇൽമ്'(അറിവ്), 'നിഅമത്' (അനുഗ്രഹം)

- C. ഈമാൻ’ (സത്യവിശ്വാസം), 'നിഅമത്' (അനുഗ്രഹം)
- D. ‘ഈമാൻ’ (സത്യവിശ്വാസം), ‘യഖീൻ’ (ദൃഢവിശ്വാസം)

**5) ബുദ്ധി കൊടുത്തു ഗ്രഹിക്കുക, അല്ലെങ്കിൽ ബുദ്ധി ഉപയോഗിച്ചു ചിന്തിക്കുക എന്ന അർത്ഥത്തിൽ ചില വാക്കുകൾ ഖുർആനിൽ സാധാരണ ഉപയോഗിച്ച് വരാറുണ്ട്. ഇവിടെ വന്നിട്ടുള്ളത് ..........**

- A. يَعْقِلُونَ
- B. يَهْتَدُونَ
- C. تَعْمَلُونَ
- D. يُبْصِرُونَ

**6) ‘ദൃഷ്ടാന്തങ്ങൾ, അടയാളങ്ങൾ, തെളിവുകൾ, ലക്ഷ്യങ്ങൾ’ എന്നൊക്കെയാണ് ഇതുകൊണ്ടർത്ഥമാക്കുന്നത് ?**

- A. അൽ ആയാത്ത് الْآيَاتِ
- B. ഹദീസ് حَدِيثٍ
- C. അൽ ഹഖ് اَلْحَقَ
- D.അഫ്ഫാഖ് أَفَّاكٍ

**7) "............. ആയ എല്ലാവർക്കും നാശം" ആയത്തിൽ പരാമർശിച്ചത് ആരെയാണ് ?**

- A. തോന്നിവാസിയും ദുർമാർഗ്ഗിയും
- B. അവിശ്വാസികളും വഴിപിഴച്ചവരും
- C. മഹാപാപിയും വ്യാജക്കാരനും
- D. അനുഗ്രഹങ്ങളെ നിഷേധിച്ചവർ

**8) വ്യാജങ്ങൾ കെട്ടിപ്പറയുകയും കള്ള വാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്ക് .................. എന്ന് പറയുന്നു**

- A. أَفَّاكٍ
- B. أَثِيمٍ

C. فَاسِق

d. كَاذِب

### 9) അഫ്ഫാകുൻ അതീം ( أَفَّاكٍ أَثِيمٍ) ന്റെ ദുഷ്‌ചെയ്‌തികളും അവർക്ക് ലഭിക്കുന്ന ശിക്ഷയും അല്ലാഹു പരാമർശിക്കുന്നു, താഴെ നൽകിയവയിൽ തെറ്റിച്ചു നൽകിയത് ........

A. അല്ലാഹുവിന്റെ ആയത്തുകൾ ഓതികേൾപ്പിക്കപ്പെട്ടാൽ, അതു കേട്ടഭാവംപോലും നടിക്കാതെ, അഹംഭാവപൂർവ്വം അതിനെ അവഗണിച്ചു കളയുകയും പഴയ നിലപാടിൽ തന്നെ ഉറച്ചു നിൽക്കുകയും ചെയ്യുന്നു.

B. അല്ലാഹുവിന്റെ ആയത്തുകളിൽ നിന്നു വല്ലതും അവന് അറിവായാൽ, അവയെ അവൻ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു.

C. അവനു വേദനയേറിയ ശിക്ഷയെപ്പറ്റി അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു

D. അക്കൂട്ടർക്കു മാതൃകാ ശിക്ഷയുണ്ട്

### 10) അവർക്കു കടുത്ത യാതനയാകുന്ന വേദനയേറിയ ശിക്ഷയുണ്ട്; ആയത്തിൽ ആർക്കാണ് അത്തരം ശിക്ഷയുള്ളതായി പരാമർശിച്ചത് ?

A. ദുർമാർഗത്തിൽ വിരഹിക്കുന്നവർക്ക്

B. തങ്ങളുടെ രക്ഷിതാവിന്റെ 'ആയത്തു'കളിൽ അവിശ്വസിച്ചവർക്ക്

C. എല്ലാ വ്യാജവാദികൾക്കും

D. സ്വന്തത്തോടൊപ്പം മറ്റുള്ളവരുടെ പാപവും പേറുന്നവർക്ക്

## Day 14

### 1) അല്ലാഹു നമുക്ക് സമുദ്രം കീഴ്‌പ്പെടുത്തിത്തന്നിരിക്കുന്നത് എന്തിനു വേണ്ടിയാണ് ?

A. അവന്റെ കൽപനപ്രകാരം അതിൽകൂടി കപ്പലുകൾ സഞ്ചരിക്കുവാൻ വേണ്ടി

B. അവന്റെ അനുഗ്രഹത്തിൽ നിന്നു നമ്മൾ ഉപജീവനമാർഗ്ഗം അന്വേഷിക്കുവാൻ വേണ്ടി

- [ ] **C.** അല്ലാഹുവിന് നമ്മൾ നന്ദികാണിക്കുവാൻ വേണ്ടി
- [x] **D.** എല്ലാം ശരിയാണ്

## 2) എന്താണ് അല്ലാഹു മനുഷ്യർക്ക് കീഴ്പ്പെടുത്തി തന്നിരിക്കുന്നതെന്നാണ് ആയത്തുകളിൽ പ്രതിപാദിച്ചത്?

- [ ] **A.** ആകാശങ്ങളിലുള്ളത്
- [ ] **B.** ഭൂമിയിലുള്ളതെല്ലാം
- [ ] **C.** സമുദ്രം
- [x] **D.** എല്ലാം ശരിയാണ്

## 3) "ആരെങ്കിലും .................... അതവന്റെ ദേഹത്തിനു തന്നെയാകുന്നു. ആരെങ്കിലും ............... ചെയ്താൽ, അതും അതിന്റെമേൽ തന്നെ" ; ആയത്തിൽ വിട്ടഭാഗങ്ങൾ യഥാക്രമം എന്തെല്ലാം ?

- [x] **A.** നല്ലതു പ്രവർത്തിച്ചാൽ, തിന്മ
- [ ] **B.** നന്മ, കൂടുതലായി
- [ ] **C.** തിന്മ, നന്മ
- [ ] **D.** തിന്മ , കൂടുതലായി നന്മ

## 4) അയ്യാമുൽ അറബ് എന്നതിന്റെ ഉദ്ദേശം എന്താണ് ?

- [ ] **A.** മുൻ സമുദായങ്ങളിൽ കഴിഞ്ഞുപോയിട്ടുള്ള അല്ലാഹുവിന്റെ ശിക്ഷാനടപടികൾ
- [x] **B.** അറബികൾക്കിടയിൽ കഴിഞ്ഞു പോയ യുദ്ധങ്ങളും ചരിത്രസംഭവങ്ങളും
- [ ] **C.** മക്കക്കാരിലെ കുടിപ്പകയും ഗോത്രവെറിയും അത് മൂലമുണ്ടാകുന്ന സംഘട്ടനങ്ങളും
- [ ] **D .**അല്ലാഹുവിനെ പേടിക്കാത്ത ജനതയെ അവർ പ്രവർത്തിച്ചതിന്റെ ഫലങ്ങൾ അനുഭവിപ്പിക്കാനായി വിചാരണക്കെടുക്കുന്ന ദിവസം

**5) ഇസ്റാഈൽ സന്തതികൾക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആയത്തുകളിൽ പരമർശിച്ചവയിൽ ............ ഉൾപ്പെടില്ല.**

- [ ] A. വേദഗ്രന്ഥവും, വിധിയും, പ്രവാചകത്വവും നൽകി
- [ ] B. വിശിഷ്ട വസ്തുക്കളിൽ നിന്ന് ആഹാരം നൽകി
- [x] C . ഇരുലോകത്തും അവരെ എല്ലാവരെക്കാളും ശ്രേഷ്ഠരാക്കി
- [ ] D . മത കാര്യത്തെ സംബന്ധിച്ച് വ്യക്തമായ തെളിവുകളും നൽകി

**6) വചനത്തിൽ പറയപ്പെട്ട ' അൽ കിതാബ് ' എന്നത് കൊണ്ട് നാം മനസിലാക്കേണ്ടത് ............?**

- [x] A. അത് വേദഗ്രന്ഥമായ തൗറാത്താകുന്നു
- [ ] B. അത് ഇസ്റാഈല്യർക്ക് അല്ലാഹു നൽകിയ ഒൻപത് ദൃഷ്ടാന്തങ്ങളാകുന്നു
- [ ] C. അത് വിധിയും വിജ്ഞാനവും മത കാര്യങ്ങളും ഉൾക്കൊള്ളുന്ന അവരുടെ പൂർവീകരുടെ സംസാരങ്ങളാകുന്നു
- [ ] D. അത് മൂസാ നബിയിലൂടെ അല്ലാഹു അവർക്ക് വെളിവാക്കിയ അമാനുഷിക്കാതകളാകുന്നു

**7) "പിന്നീട് നിന്നെ നാം മത കാര്യത്തെ സംബന്ധിച്ചു ഒരു തെളിഞ്ഞ മാർഗ്ഗത്തിൽ ആക്കിയിരിക്കുന്നു"; ഈ വചനം പരിശോധിച്ച് ശരീഅത് شَرِيعَةٍ എന്ന പദത്തിന്റെ അർത്ഥം കണ്ടെത്തുക.**

- [ ] A. മത കാര്യം
- [ ] B. തെളിഞ്ഞത്
- [ ] C. മുസ്‌ലിംകൾ പിൻപറ്റുന്നത്
- [x] D. തെളിഞ്ഞ മാർഗ്ഗം

**8) ഈ രണ്ടു കൂട്ടരുടെയും ഇച്ഛാധിഷ്ഠിതമായ നടപടിക്രമങ്ങളെ പിൻപറ്റരുതെന്നും, ഖുർആൻ മുഖേന അല്ലാഹു അവതരിപ്പിച്ചുതന്ന ഈ മാർഗ്ഗത്തെ മാത്രം മുറുകെ പിടിച്ചുകൊള്ളണമെന്നും അല്ലാഹു നബി (സ)യെ ഉണർത്തുകയാണ്. ആരുടെ ഇച്ഛാധിഷ്ഠിതമായ നടപടിക്രമങ്ങളെ**

## പിൻപറ്റരുതെന്നാണ് അല്ലാഹു നബി(സ)യോട് കൽപ്പിച്ചിട്ടുള്ളത് ?

- A. ജൂതൻമാരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാരുടെ
- B. ബഹുദൈവാരാധകൻമാരായ മുശ്രിക്കുകളുടെ
- C. തൗറാത് യഥാക്രമം പിൻപറ്റിയവരുടെ
- D. ഓപ്ഷൻ എ യിലും ഓപ്ഷൻ ബി യിലും പറഞ്ഞ രണ്ടു കൂട്ടരുടെയും

## 9) അക്രമകാരികൾ തമ്മതമ്മിലുള്ള ബന്ധുക്കളാകുന്നു, എന്നാൽ ............ ?

- A. അല്ലാഹു ഭയഭക്തമാർക്ക് സഹായിയാണ്
- B. വിശ്വാസികൾ ഒരൊറ്റ ശരീരം പോലെ സ്നേഹിതരാണ്
- C. വിശ്വാസികൾ തമ്മതമ്മിൽ സാഹോദര്യം വെച്ച് പുലർത്തുന്നവരാകുന്നു
- D. മതത്തിന്റെ കാര്യത്തിൽ അവർ വിട്ടുവീഴ്ച ചെയ്യുന്നവരുമാകുന്നു

## 10) "മനുഷ്യർ, ഖുർആൻ, ദൃഢവിശ്വാസം കൊള്ളുന്ന ജനത" ഇവയുൾക്കൊള്ളുന്ന ആയത്ത് പരിശോധിച്ച് താഴെ നൽകിയവയിൽ യോജിക്കാത്തത് കണ്ടെത്തുക.

- A. (ഉൾക്കാഴ്ച്ച നൽകുന്ന) തെളിവുകൾ
- B. മാർഗ്ഗദർശനം
- C. ന്യായവിധി
- D. കാരുണ്യം

Day 15

## 1) "ആകാശത്തെയും ഭൂമിയെയും അല്ലാഹു കാര്യ ഗൗരവത്തോടെ സൃഷ്ടിച്ചിരിക്കുന്നു" ഇവിടെ പറഞ്ഞ ' കാര്യഗൗരവത്തോടെ' എന്നതിനെ കുറിക്കുന്ന പദമാണ് .......... ?

- A. خَلَقَ الله
- B. لِتُجْزَى
- C. بِالْحَقِّ
- D. بِمَا كَسَبَتْ

**2) 'അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും' ; ഈ പ്രസ്തുത കാര്യത്തെ പറയുന്നതിന് തൊട്ട് മുമ്പ് അല്ലാഹു വചനത്തിൽ സൂചിപ്പിച്ച വിഷയം ഏതാണ് ?**

- A. ഓരോ ദേഹത്തിനും അത് സമ്പാദിച്ച പ്രതിഫലം നൽകപ്പെടും
- B. ആകാശവും ഭൂമിയും കാര്യഗൗരവത്തോടെ സൃഷ്ടിച്ചിരിക്കുന്നു
- C. സൽകർമ്മങ്ങൾ ചെയ്തവർക്ക് വമ്പിച്ച പ്രതിഫലമുണ്ട്
- D. ദുഷ്കർമ്മങ്ങൾ ചെയ്തവർക്ക് അതിന്റെ ഫലം അനുഭവിക്കേണ്ടി വരും

**3) "ഇങ്ങിനെയുള്ളവന്റെ നില വളരെ ശോചനീയം തന്നെ!"' അത്തരക്കാരുടെ സ്ഥിതിവിശേഷം എന്താണെന്നാണ് അല്ലാഹു വിശദീകരിക്കുന്നത് ?**

- A. അറിഞ്ഞു കൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കിയിരിക്കുന്നു
- B. അവന്റെ കണ്ണിന് ഒരു മൂടി ഏർപ്പെടുത്തിയിരിക്കുന്നു
- C. അവന്റെ കേൾവിക്കും ഹൃദയത്തിനും അല്ലാഹു മുദ്രവെച്ചി രിക്കുന്നു
- D. മുകളിൽ നൽകിയവയെല്ലാം അവരെക്കുറിച്ച് അല്ലാഹു വിവരിച്ചിട്ടുള്ളതാണ്

**4) "എന്നാൽ നീ കണ്ടുവോ തന്റെ ദൈവം തന്റെ ഇച്ഛക്കായി വെച്ചിരിക്കുന്നവനെ" ; ഈ വചനം യോജികാത്തത് ആരോടാണ് ?**

- A. സത്യത്തിനും ന്യായത്തിനും വില കൽപിക്കാത്തവൻ
- B. ഉപദേശങ്ങളും ലക്ഷ്യങ്ങളും വകവെക്കാത്തവൻ
- C. തന്നിഷ്ടത്തിനും ദേഹേച്ഛക്കും മാത്രം അടിമപ്പെട്ടു ജീവിക്കുന്നവൻ
- D. മനസ്സിനെ കീഴ്പ്പെടുത്തിവെക്കുകയും മരണശേഷമുള്ളതിലേക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തവൻ

**5) ആരെയാണ് 'നാവ് തൂക്കി വാപിളർന്നു കൊണ്ടിരിക്കുന്ന നായയെ' കൊണ്ട് ഖുർആൻ ഉപമിച്ചിട്ടുള്ളത് ?**

- [ ] **A.** ഭൗതിക ലക്ഷ്യവും പാരത്രിക ലക്ഷ്യവും ഒരു പോലെ കാണുന്നവരെ
- [x] **B.** അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുന്നവരെ
- [ ] **C.** ദേഹേച്ഛകൾക്കപ്പുറം ചിന്തയോടെ ജീവിതത്തെ കാണുന്നവനെ
- [ ] **D.** തത്വചിന്തകരെ

**6) കൊള്ളരുതാത്തവൻ അഥവാ ദുർബ്ബലൻ ആരാണെന്നാണ് നബി(സ) പഠിപ്പിച്ചിട്ടുള്ളത് ?**

- [ ] **A.** അല്ലാഹുവിന്റെ കാര്യത്തിൽ എപ്പോഴും സദ് വിചാരം വെച്ചുകൊണ്ടിരിക്കുന്നവൻ
- [x] **B.** മനസ്സിൻറെ ഇച്ഛയെ പിൻതുടരുകയും അല്ലാഹുവിന്റെ പേരിൽ വ്യാമോഹം വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവൻ
- [ ] **C.** ശക്തിയിലും ക്ഷമയിലും വിശ്വാസത്തിലും ബലഹീനതയുള്ളവൻ
- [ ] **D.** ഒരാളുടെ ഇച്ഛ റസൂൽ (സ) കൊണ്ട് വന്നതിനോട് പരിപൂർണമായി യോജിച്ചു വരുന്നവൻ

**7) ഒരാൾ സത്യവിശ്വാസി ആകുന്നത് എപ്പോൾ മാത്രമാണെന്നാണ് നബി(സ) അരുളിയത് ?**

- [ ] **A.** അന്ത്യയാമങ്ങളിൽ അല്ലാഹുവിനെയോർക്കുമ്പോൾ
- [ ] **B.** വിശ്വസിച്ചേൽപ്പിച്ച അമാനത്ത് ഉടമക്ക് തിരിച്ചേൽപ്പിക്കുമ്പോൾ
- [ ] **C.** വാക്ക് പാലിക്കുകയും കരാറുകൾ നിറവേറ്റുകയും ചെയ്യുമ്പോൾ
- [x] **D.** ഒരാളുടെ ഇച്ഛ നബി(സ) കൊണ്ടുവന്നിട്ടുള്ളതിനോടു അനുസരിച്ചായിത്തീരുമ്പോൾ

**8) ഭൗതികവാദക്കാരെപ്പറ്റി അല്ലാഹു പ്രസ്താവിക്കുന്ന വചനത്തിൽ അത്തരക്കാർ പഴിക്കുന്നത് എന്തിനെയാണ് ?**

- [x] **A.** കാലത്തെ
- [ ] **B.** മരണത്തെ

- C. ഭൂമിയുടെ ചെരിവിനെ
- D. സൂര്യനെയും ചന്ദ്രനെയും

**9) ബുഖാരി, മുസ്‌ലിം മുതലായവർ നിവേദനം ചെയ്ത നബിവചനപ്രകാരം 'ആദമിന്റെ മകൻ അല്ലാഹുവിനെ ഉപദ്രവിക്കുന്നത് എങ്ങനെയെന്നാണ്' അല്ലാഹു പറഞ്ഞിട്ടുള്ളത് ?**

- A. അവൻ റബ്ബിനെ ചീത്ത പറയുന്നു
- B. അവൻ റബ്ബ് നൽകിയതിനോട് അസൂയ വെക്കുന്നു
- C. അവൻ കാലത്തെ പഴിക്കുന്നു
- D. അവൻ റബ്ബിനോട് അനാവശ്യമായി തേടുന്നു

**10) അല്ലാഹുവിന്റെ ആയത്തുകൾ വ്യക്തമായി കേട്ടാലും ന്യായം പറയുന്നവരോട് അല്ലാഹു നൽകുന്ന മറുപടികൾ താഴെ നൽകുന്നു. അവയിൽ ഉൾപ്പെടാത്തത് ഏത് ?**

- A. അവൻ നിങ്ങളെ ജീവിപ്പിക്കുന്നു
- B. പിന്നെ അവൻ നിങ്ങളെ മരണപ്പെടുത്തുന്നു
- C. ഖിയാമത്ത് നാളിൽ അവൻ നിങ്ങളെ ഒരുമിച്ച് കൂട്ടുന്നു
- D. അവർക്ക് അതിനെ പറ്റി യാതൊരു വിവരവുമില്ല

Day 16

**1) താഴെ നൽകിയവയിൽ പാഠഭാഗത്തെ ആയത്തിൽ നിന്നുള്ള വാചകം ഏതാണ് ?**

- A. ഖിയാമത്ത് നാളിന്റെ ആധിപത്യം അല്ലാഹുവിനുള്ളതാണ്
- B. ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അല്ലാഹുവിനാണ്
- C. അന്തിമഘട്ടത്തിൽ എല്ലാ അധികാരങ്ങളും അല്ലാഹുവിൽ വന്നു ചേരുന്നതാണ്

- [ ] D. ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ രാജാധികാരത്തിന് ഒന്നും സംഭവിക്കുകയില്ല

**2) എല്ലാവരും ഭയവിഹ്വലരായി നിൽക്കുന്ന ആ നാളിൽ എപ്രകാരമാണ് അവർ റബ്ബിന്റെ മുമ്പിൽ ഒരുമിച്ച് കൂട്ടപ്പെടുക ?**

- [ ] A. എല്ലാവരും റബ്ബിങ്കലേക്ക് ഒഴുകി വരുന്നതാണ്
- [ ] B. പാപങ്ങൾക്കനുസരിച്ച് വിയർപ്പിൽ മുങ്ങിയവരായിരിക്കും
- [ ] C. നഗ്നപാദുകരായും വിവസ്ത്രരായും കൊണ്ട് വരപ്പെടും
- [x] D. താഴ്മയുടെയും വിനയത്തോടെയും മുട്ട് കുത്തിയവരായി കാണപ്പെടും

**3) "ഓരോ സമുദായവും അതിന്റെ ഗ്രന്ഥത്തിലേക്കു വിളിക്കപ്പെടും" ഇവിടെ സൂചിപ്പിച്ച ഗ്രന്ഥം എന്താണ് ?**

- [ ] A. ഓരോ സമുദായവും സ്വീകരിക്കുവാൻ ബാധ്യസ്ഥരായിരുന്ന വേദഗ്രന്ഥങ്ങൾ
- [ ] B. അല്ലാഹുവിന്റെ പക്കലുള്ള സകല കാര്യങ്ങളും നിജപ്പെടുത്തിയ ഒരു പ്രത്യേക ഗ്രന്ഥം
- [ ] C. എല്ലാവരുടെയും കർമ്മങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥം
- [x] D. എ യോ സി യോ ആകാവുന്നതാണ്.

**4) സത്യവിശ്വാസം പുൽകുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവർക്ക് അല്ലാഹു ഒരുക്കുന്ന കാരുണ്യത്തിൽ പ്രവേശം ലഭിക്കും . ഈ കാരുണ്യത്തെ പറ്റിയാണ് വചനത്തിൽ ................. എന്ന് വിശേഷിപ്പിച്ചത് ?**

- [x] A. സ്പഷ്ടമായ ഭാഗ്യം
- [ ] B. വിശിഷ്ടമായ വിരുന്ന്
- [ ] C. പ്രവിശാലമായ സ്വർഗം
- [ ] D. സുഖകരമായ ജീവിതം

**5) അവിശ്വാസികൾ ഗർവ്വ് നടിച്ചു, അവർ കുറ്റവാളികളായ ഒരു ജനത ആയിത്തീരുകയും ചെയ്തു. എപ്പോഴാണവർ ഗർവ്വു നടിച്ചതെന്നാണ് ആയത്ത് പ്രതിപാദിക്കുന്നത് ?**

- [ ] A. ദേഹേച്ഛകളെ വെടിയാൻ ആവശ്യപ്പെട്ടപ്പോൾ
- [x] B. അല്ലാഹുവിന്റെ വചനങ്ങൾ അവർക്ക് ഓതി കേൾപ്പിക്കപ്പെട്ടപ്പോൾ
- [ ] C. അന്ത്യസമയം എപ്പോഴാണെന്ന് അവരെ അറിയിച്ചപ്പോൾ
- [ ] D. കർമ്മങ്ങൾ രേഖപ്പെടുത്തപ്പെട്ടപ്പോൾ

### 6) "അതിൽ യാതൊരു സന്ദേഹവുമില്ല " ഇത്ര വ്യക്തമായി അവരോട് പറഞ്ഞത് എന്തിനെ പറ്റിയാണ് ?

- [ ] A. മലക്കുകളുടെ ആഗമനം
- [ ] B. പരലോകത്തെ മുട്ട് കുത്തി നിൽക്കൽ
- [ ] C. രേഖാഗ്രന്ഥം
- [x] D. അന്ത്യഘട്ടം

### 7) അന്ത്യനാൾ സത്യമാണെന്ന് പറയുമ്പോൾ നിഷേധികളുടെ മറുപടി എന്തായിരിക്കുമെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത് ?

- [x] A.ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്താണു ഈ അന്ത്യഘട്ടമെന്ന്
- [ ] B. ഞങ്ങൾക്ക് ഉറപ്പുണ്ട് അത് സംഭവിക്കുകയില്ല എന്ന്
- [ ] C. നിങ്ങൾ ഊഹിച്ചു പറയുക മാത്രമാണ് ചെയ്യുന്നത്
- [ ] D. വേണമെങ്കിൽ പിന്നീട് ഞങ്ങൾ വിശ്വസിക്കാം, എന്നാൽ ഇപ്പോൾ ഞങ്ങൾ അവിശ്വസിക്കുന്നു

### 8) അവർ യാതൊന്നിനെക്കുറിച്ചു പരിഹാസം കൊണ്ടിരുന്നുവോ അതു അവരിൽ വലയം ചെയ്കയും ചെയ്യും. എന്തിനെകുറിച്ചാണ് അവർ പരിഹാസം കൊണ്ടിരുന്നത്?

- [ ] A. അവരുടെ ദേഹേച്ഛകൾ
- [x] B. ശിക്ഷ
- [ ] C. നരകത്തിന്റെ മലക്കുകൾ
- [ ] D. പാപം

**9) കുറ്റവാളികളോട് നരകത്തിൽ വച്ച് പറയപ്പെടുന്നതാണ് ....................**

- A. ഈ ദിവസം കണ്ടുമുട്ടുന്നതിനെ നിങ്ങൾ മറന്നതുപോലെ, ഇന്നു നിങ്ങളെ നാം മറന്നുകളയുന്നു
- B. നിങ്ങളുടെ അഭയസ്ഥാനം നരകമാണ്
- C. നിങ്ങൾക്കു സഹായികളായിട്ട് ആരും തന്നെ ഇല്ലതാനും.
- D. എല്ലാം അവരോട് പറയപ്പെടുന്നതാണ്

**10) ഖുദ് സിയായ ഒരു ഹദീസിൽ പറയുന്നു ;" ........... എന്റെ തട്ടമാണ് , .......... എന്റെ തുണിയുമാണ്; ഈ രണ്ടിലൊന്നിന് ആരെങ്കിലും എന്നോടു വഴക്കു കൂടുന്നപക്ഷം, ഞാനവനെ എന്റെ നരകത്തിൽ താമസിപ്പിക്കുന്നതാണ്"**

- A. കാരുണ്യം - മാപ്പ് നൽകൽ
- B. ഗാഭീര്യം - മഹത്വം
- C. പ്രതാപം - സ്തുതി
- D. വിധികർതൃത്വം - അഗാധജ്ഞാനം

---

Revision 01

**1) ഈസാ (അ) യെ കുറിച്ചുള്ള താഴെ നൽകിയവയിൽ ഈ അദ്ധ്യായത്തിൽ നിന്നല്ലാത്ത വചനഭാഗം ഏത് ?**

- A. അദ്ദേഹം നാം അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള ഒരു അടിയാനല്ലാതെ അല്ല
- B. ഇസ്രാഈൽ സന്തതികൾക്കു അദ്ദേഹത്തെ നാം ഒരു മാതൃകയാക്കുകയും ചെയ്തു
- C. അദ്ദേഹം നമ്മിൽ നിന്നുള്ള വചനവും ഇഹത്തിലും പരത്തിലും സാമീപ്യം സിദ്ധിച്ചവനുമാകുന്നു

- D. അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിവും ആകുന്നു

**2) വേദക്കാരിൽ ഒരാളും ഈസാനബിയുടെ മരണത്തിനുമുമ്പ് അദ്ദേഹത്തിൽ ............. ; ആയത്തിൽ നിന്നും വിട്ടഭാഗം പൂരിപ്പിക്കുക.**

- A. പിന്നിലായി അണി നിരക്കാതിരിക്കുകയില്ല
- B. വിശ്വസിക്കാതിരിക്കുകയില്ല
- C. ആവലാധി ബോധിപ്പിക്കാതിരിക്കുകയില്ല
- D. അംഗീകരിക്കുകയില്ല

**3) എല്ലാതരം യാത്രമാർഗ്ഗങ്ങളും ഉൾപ്പെടുന്ന ഒരു വാക്കായിട്ട് ഇതിനെ പാഠഭാഗത്ത് പരാമർശിക്കുന്നു ..................**

- A. ഹിജജ് (വഴികൾ)
- B. തുറുഖ് (ധാരകൾ)
- C. സ്വിറാത്വൻ (പാതകൾ)
- D. സുബുലൻ (മാർഗങ്ങൾ)

**4) " നിങ്ങളും, അല്ലാഹുവിനുപുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിന്റെ ഇന്ധനവുമാകുന്നു " ഈ വചനാർത്ഥം ഉൾക്കൊള്ളുന്നത് ഏത് അധ്യായത്തിലാണ് ?**

- A. അൽ അൻഫാൽ
- B. അൽ ഇസ് റാഅ്
- C. അൽ ഫുർഖാൻ
- D. അൽ അമ്പിയാഅ്

**5) 'ഉമ്മുൽകിത്താബ്' എന്നത് കൊണ്ടുള്ള ഉദ്ദേശത്തിൽ ഒന്ന് .................. ആകുന്നു**

- A. പരിശുദ്ധ ഖുർആനിലെ അല്ലാഹുവിനെ കുറിച്ചുള്ള അറിവ്
- B. മഹത്വമേറിയ ഒരു ഖുർആൻ

- C. അൽ കിതാബിൽ മുബീൻ
- D. ലൌഹുൽ മഹ്ഫൂള്

## 6) മൂസാ നബിയെ അദേഹത്തിന്റെ ജനത വിളിച്ചതായി ആയത്തിൽ വന്നിട്ടുള്ളത് എപ്രകാരമാമാണ് ?

- A. يَـٰٓأَيُّهَ ٱلسَّاحِرُ
- B. يَـٰٓأَ مُوسَىٰ
- C. ഹേ, പണ്ഡിതാ
- D. എല്ലാം ശരിയാണ്

## 7) അക്രമപരമായ ഓഹരി എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ് ?

- A. അല്ലാഹുവിന് പെൺമക്കൾ ഉണ്ടെന്ന് പറഞ്ഞത്
- B. ഖിയാമത്ത് നാളിൽ റബ്ബിന്റെ കാരുണ്യം ഞങ്ങൾക്കും കിട്ടുമെന്ന് സത്യനിഷേധികൾ അവകാശപ്പെട്ടത്
- C. അവർ ഇഷ്ടപ്പെട്ട ഉയർന്ന വിഭാഗമായ ആൺ മക്കളെ അവർക്കും അവർ വെറുത്ത് കളഞ്ഞ താണ വിഭാഗമായ പെൺ മക്കളെ അല്ലാഹുവിനും നിശ്ചയിച്ചത്
- D. മനുഷ്യന്റെ ജീവിതം ഇഹലോക ജീവിതം കൊണ്ട് തീരുമെന്നും പരലോകം ഇല്ലെന്നും തങ്ങൾക്ക് വന്ന പിഴവുകൾ കാലത്തിന്റെ ഇടപെടൽ ആണെന്നും പറഞ്ഞത്

## 8) മനുഷ്യന്റെ പ്രവർത്തനങ്ങളിൽ അല്ലാഹുവിന്റെ ഉദ്ദേശത്തിനു പങ്കില്ലെന്നു വാദിക്കുകയും, ദൈവവിധിയെ നിഷേധിക്കുകയും ചെയ്യുന്ന കക്ഷികളിൽ പെട്ടവരാണ് .........

- A. സിൻദീഖീങ്ങൾ
- B. മുഅതസിലിയാക്കൾ
- C. ഖവാരിജുകൾ
- D. സാഇബീങ്ങൾ

**9) എല്ലാവർക്കും ഇഷ്ടംപോലെ ഉപജീവനമാർഗ്ഗം വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ മനുഷ്യൻ ഭൂമിയിൽ .................. നിറക്കുമായിരുന്നു**

- A. അത്യാഗ്രഹവും അമിതവ്യയവും
- B. അവിവേകവും അനുസരണക്കേടും
- C. അക്രമവും കുഴപ്പവും
- D. അനുകമ്പയും ആർദ്രതയും

**10) രാവിലെയും, വൈകുന്നേരവും അല്ലാഹുവിന്റെ തിരുമുഖം ദർശിക്കാൻ അവസരം കിട്ടുന്നവൻ ആരാണെന്നാണ് നബി (സ) ഓർമ്മപ്പെടുത്തിയത് ?**

- A. പടപൊരുതിയവർ
- B. പ്രവാചകന്മാർക്ക് മാത്രം
- C. അല്ലാഹുവിങ്കൽ കൂടുതൽ ആദരണീയനായിട്ടുള്ളവൻ
- D. സഹനം നേരിട്ടവർ

**11) യാത്രാ വേളയിൽ അല്ലാഹുവിനോട് നാം ചോദിക്കുന്ന രണ്ടു കാര്യങ്ങൾ എന്തൊക്കെയാണ് ?**

- A. ഈമാനും ഇസ്‌ലാമും
- B. പുണ്യവും ഭയ ഭക്തിയും
- C. കാവലും കാരുണ്യവും
- D. പ്രതിനിധിയും പ്രതിവിധിയും

**12) 'ഇഹലോകം അല്ലാഹുവിന്റെ അടുക്കൽ ഒരു കൊതുവിന്റെ ചിറകിനു സമാനമുണ്ടായിരുന്നുവെങ്കിൽ, അതിൽനിന്ന് ഒരിക്കലും ഒരു അവിശ്വാസിക്കു ഒരു മുറുക്കു വെള്ളം അവൻ കുടിക്കുവാൻ കൊടുക്കുമായിരുന്നില്ല.' എന്നത് .............**

- A. ഇമാം ഇബ്നു കസീർ പ്രസ്താവിച്ചതാണ്
- B. നബി (സ) യിൽ നിന്നുള്ള ഹദീസാണ്

- C. ഇമാം ബുഖാരി അദ്ദേഹത്തിന്റെ കിതാബിൽ ഉമ്മിൽ രേഖപെടുത്തിയതാണ്
- D. സയ്യിദ് ഖുതുബിന്റെ പ്രസ്താവനയാണ്

**13) പിന്നീടുള്ളവർക്ക് അവരെ നാം മുൻമാതൃകയും ഉപമയും ആക്കി ; ആരെയാണ് മുൻമാതൃകയും ഉപമയും ആക്കിയത് ?**

- A. മക്കാ മുശ്രിക്കുകളെ
- B. ഫിർഔനെയും തന്റെ ജനതയെയും
- C. ബനൂ ഇസ്രാഈല്യരെ
- D. സുഖ്റൂഫിന്റെ ആൾക്കാരെ

**14) അതു ലോകർക്കു വേണ്ടിയുള്ള ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല. അതിന്റെ ............... കുറച്ചുകാലത്തിനുശേഷം നിശ്ചയമായും നിങ്ങൾക്കറിയാറാകും; ആയത്തിൽ നിന്നും വിട്ടഭാഗം പൂരിപ്പികുക.**

- A. വൃത്താന്തം
- B. പ്രകമ്പനം
- C. ആഗമനം
- D. വിശേഷം

**15) നബി (സ) പറഞ്ഞു ; തന്റെ തോട്ടങ്ങൾ, തന്റെ ഭാര്യമാർ, ഭൃത്യന്മാർ, സുഖസൗകര്യത്തിനുള്ള വിഭവങ്ങൾ, കട്ടിലുകൾ മുതലായവയെ ................. ദൂരത്തോളം നോക്കിക്കാണാവുന്നവനായിരിക്കും സ്വർഗ്ഗക്കാരിൽ ഏറ്റവും താണ പടിയിലുള്ളവൻ**

- A. ആയിരം മാസത്തെ
- B. നൂറ് കൊല്ലത്തെ
- C. ആയിരം കൊല്ലത്തെ
- D. നൂറ് മാസത്തെ

**16) ' അംശം ' എന്ന വാക്ക് പാഠഭാഗത്ത് ഉപയോഗിച്ചത് .......... എന്ന ആശയം കിട്ടാനാണ് .**

- [x] A. മക്കൾ
- [ ] B. കുടുംബം
- [ ] C. അറിവ്
- [ ] D. സമ്പത്ത്

**17) " നിശ്ചയമായും നിങ്ങൾ ശിക്ഷയിൽ തന്നെ താമസിക്കുന്നവരാകുന്നു " ഇത് ആരുടെ വാക്കുകളായിട്ടാണ് ഖുർആൻ സൂചിപ്പിക്കുന്നത് ?**

- [ ] A. കാഹളത്തിൽ ഊതുന്ന മലക്ക് ഇസ് റാഫീൽ
- [x] B. നരകത്തിന്റെ കാവൽക്കാരനായ മാലിക്ക്
- [ ] C. റൂഹ് പിടിക്കുന്ന മലക്ക് മലക്കുൽ മൗത്ത്
- [ ] D. നരകത്തിന്റെ സൃഷ്ടാവ്

**18) മലക്കുകളുടെ ശുപാർശ ആർക്കാണ് ലഭിക്കുക ?**

- [ ] A. മലക്കുകളെ ആരാധിച്ചവർക്ക്
- [ ] B. അല്ലാഹുവിനെ തൃപ്തിപ്പെട്ടവർക്ക്
- [ ] C.മറ്റുള്ളവരുടെ തൃപ്തി നേടിയവർക്ക്
- [x] D. അല്ലാഹു തൃപ്തിപ്പെട്ടുകൊടുത്തവർക്ക്

**19) നബി (സ) യാത്ര പുറപ്പെട്ടു ഒട്ടകപ്പുറത്തുകയറിയിരുന്നു കഴിഞ്ഞാൽ ആദ്യം എന്ത് ചൊല്ലുമെന്നാണ് ഇബ്നുഉമർ (റ) പ്രസ്താവിക്കുന്നത് ?**

- [ ] A. മൂന്നുപ്രാവശ്യം തസ്ബീഹ് ചൊല്ലും
- [ ] B. മൂന്നുപ്രാവശ്യം സ്വലാത്ത് ചൊല്ലും
- [x] C. മൂന്നുപ്രാവശ്യം തക്ബീർ ചൊല്ലും
- [ ] D. മൂന്ന് പ്രാവശ്യം പ്രാർത്ഥന ചൊല്ലുമായിരുന്നു

**20) നിനക്കു .......................... നീ മുറുകെ പിടിച്ചുകൊള്ളുക. നീ ശരിക്കു നേരായ പാതയിൽ തന്നെയാകുന്നു. ആയത്തിൽ നിന്നും വിട്ടഭാഗം പൂരിപ്പികുക.**

- ○ **A.** ഇറക്കിത്തരുന്നതിനെ
- ● **B. ബോധനം നൽകപ്പെട്ടിട്ടുള്ളതിനെ**
- ○ **C.** പകരം തന്നതിനെ
- ○ **D.** ഓതിത്തരുന്ന ഖുർആനെ

Revision 02

**1) ഖുർആൻ അവതീർണമായത് റമദാൻ മാസത്തിലാണെന്ന് പ്രതിപാദിക്കുന്ന അധ്യായമാണ് ............ ?**

- ○ **A.** സൂറത്ത് ദുഖാൻ
- ● **B. സൂറത്ത് ബഖറ**
- ○ **C.** സൂറത്തുൽ ഖദ്ർ
- ○ **D.** സൂറത്തുൽ കഹ്ഫ്

**2) ശഅബാൻ മാസത്തിലെ പതിനഞ്ചാം രാത്രിയാണ് ഖുർആൻ അവതീർണമായത് എന്ന വാദത്തെ ദുർബലപ്പെടുത്തുന്നതിന് മതിയായ തെളിവാണ് ഈ വചനം. ഏതാണ് ആ വചനം ?**

- ● **A.** شَهْرُ رَمَضَانَ الَّذِى أُنزِلَ فِيهِ الْقُرْآنُ
- ○ **B.** الْحَمْدُ لِلَّهِ الَّذِي أَنزَلَ عَلَىٰ عَبْدِهِ الْكِتَابَ
- ○ **C.** تَابٌ فُصِّلَتْ آيَاتُهُ قُرْآنًا عَرَبِيًّا
- ○ **D.** تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَىٰ عَبْدِهِ

**3) വിശുദ്ധ ഖുർആനിന്റെ അവതരണവുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ താഴെ നൽകിയതിൽ കൂട്ടത്തിൽ പെടാത്തത് ഏതെന്ന് കണ്ടു പിടിക്കുക ?**

- ○ **A.** ലൗഹുൽ മഹ്ഫൂള് لوح المحفوظ
- ○ **B.** അനുഗ്രഹീതമായ ഒരു രാത്രി ليلة مباركة

- [x] C. സ്വഹീഫത്തുൽ അഉ്മാൽ صحيفة الأعمال
- [ ] D. ലൈലത്തുൽ - ഖദ്ർ لَيْلَةُ الْقَدْرِ

**4) 'നിശ്ചയമില്ലാത്തതിനെക്കുറിച്ചു അല്ലാഹുവിനറിയാം എന്നു പറഞ്ഞാൽ പോരേ' എന്നും മറ്റും പറഞ്ഞ് ഇബ്നു മസ്ഊദ് (റ) ആക്ഷേപത്തിന്റെ സ്വരം ഉന്നയിച്ചത് ആരെ നേരെയാണ് ?**

- [ ] A. കൂഫയിൽ നിന്നുള്ള ആളോട്
- [ ] B. ഇബ്നു അബ്ബാസ് (റ) നോട്
- [ ] C. ഹുദൈഫ (റ) നോട്
- [x] D. മസ്റൂഖ് (റ) നോട്

**5) "എങ്കിലും, അവർ അവിശ്വാസികൾ ........................ പെട്ട് കളിച്ചു കൊണ്ടിരിക്കുകയാണ്".**

- [ ] A. വിനോദങ്ങളിൽ
- [ ] B. (ഇഹലോക) പ്രേമത്തിൽ
- [x] C. സംശയത്തിൽ
- [ ] D. (സ്വദേഹങ്ങളുടെ) ഇച്ഛകളിൽ

**6) ഇബ്നു അബ്ബാസ് (റ) പറഞ്ഞതും കൂടുതൽ പ്രസക്തിയുള്ളതുമായ അഭിപ്രായത്തിലും 'ഏറ്റവും വലിയ പിടുത്തം' എന്നത് .......... ആണ്.**

- [ ] A. ബദർ യുദ്ധം
- [x] B. ഖിയാമത്ത് നാൾ
- [ ] C. കഠിനമായ പട്ടിണി
- [ ] D. പുക

**7) ഇസ്റാഈല്യരെ ഏത് രാജ്യത്തിലേക്ക് രക്ഷപ്പെടുത്തി കൊണ്ട് പോകാനാണ് മൂസ നബി (അ) അവരിലേക്ക് ചെന്നത് ?**

- [ ] A. ഇസ് റയേൽ

- B. ഫലസ്തീൻ
- C. ഈജിപ്ത്
- D. ജോർദാൻ

**8) " സമുദ്രത്തെ അതിന്റെ പാട്ടിൽ വിട്ടേക്കുക " ഈ പ്രസ്താവന ബന്ധപ്പെട്ട് കിടക്കുന്നത് താഴെ നൽകിയതിൽ ഏത് ചരിത്രവുമായിട്ടാണ് ?**

- A.മൂസാ നബി - ഫിർഔൻ
- B.യൂനുസ് നബി - കപ്പൽ യാത്ര
- C.ഫിർഔൻ - മജീഷ്യന്മാർ
- D. നൂഹ് നബി - കപ്പൽ നിർമാണം

**9) " നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ (മറ്റൊന്നും) ഇല്ല; നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരുമല്ല". എന്ന് പറഞ്ഞത് ആരായിരിന്നു ?**

- A. തുബ്ബഇന്റെ ആളുകൾ
- B. അക്കൂട്ടർ (ഫിർഔനിന്റെ ജനത)
- C. ഇക്കൂട്ടർ (മക്കയിലെ മുശ്‌രിക്കുകൾ)
- D. ഫിർഔൻ

**10) "..............അല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല. പക്ഷേ, അവരിൽ അധികമാളും അറിയുന്നില്ല"**

- A.കളിയായിക്കൊണ്ട്
- B.നിരർത്ഥകമായി
- C.വൃഥാ
- D. ന്യായമായ കാര്യത്തോടു കൂടി

**11) അല്ലാഹുവിന്റെ സൃഷ്ടി വൈവിധ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്. സൂറ ജാഥിയ ആദ്യ**

**വചനങ്ങളിൽ ചില ദൃഷ്ടാന്തങ്ങളെ അല്ലാഹു ചൂണ്ടിക്കാണിക്കുന്നുണ്ട്. ആ വചനങ്ങൾ പരിശോധിച്ച് താഴെ നൽകിയവയിൽ കൂട്ടത്തിൽ പെടാത്തത് കണ്ടു പിടിക്കുക.**

- A. സത്യവിശ്വാസികൾക്കു ദൃഷ്ടാന്തമുണ്ട്
- B. ദൃഢവിശ്വാസം കൊള്ളുന്നവർക്കു ദൃഷ്ടാന്തമുണ്ട്
- C. ബുദ്ധി ഉപയോഗിക്കുന്നവർക്കു ദൃഷ്ടാന്തമുണ്ട്
- D. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്

**12) ആയത്തുകൾ آيَاتٌ എന്ന വാക്കിന് യോജിക്കാത്ത അർത്ഥം ഏതാണ് ?**

- A.ദൃഷ്ടാന്തങ്ങൾ
- B.അടയാളങ്ങൾ
- C.ലക്ഷ്യങ്ങൾ
- D.അനുഗ്രഹങ്ങൾ

**13) 'ആയത്തുകളിൽ വല്ലതും അറിവായാൽ അവയെ പരിഹാസ്യമാക്കി തീർക്കുന്നവന്റെ പിന്നാലെയുണ്ട്' എന്ന് വചനത്തിൽ പറഞ്ഞത് എന്തിനെ പറ്റിയാണ് ?**

- A. കഠിനമായ ശിക്ഷ
- B. വമ്പിച്ച ശിക്ഷ
- C. നരകം
- D. ഭൗതിക ശിക്ഷ

**14) താഴെ നൽകിയവയിൽ ആരാണ് അഫ്ഫാക്ക് ?**

- A. കുറ്റകരമായ പാപങ്ങൾ ചെയ്യുന്നവൻ
- B. മഹാപാപി
- C. എല്ലാ ദുർഗണങ്ങളും സമ്മേളിച്ചവൻ
- D. കള്ളവാർത്ത പ്രചരിപ്പിക്കുന്നവൻ

**15) നരകത്തിന്റെ മേൽനോട്ടം വഹിക്കുന്ന മലക്കുകൾ ........... എണ്ണമാണ് ?**

- A. പതിനേഴ്
- B. പത്തൊൻപത്
- C. ഇരുപത്തി ഒൻപത്
- D. പതിനൊന്ന്

**16) വിശുദ്ധ ഖുർആൻ മാർഗ്ഗദർശനവും കാരുണ്യവുമാകുന്നത് ആർക്കാണ് ?**

- A. ദൃഢവിശ്വാസം കൊള്ളുന്ന ജനതക്ക്
- B. അതിനെ പാരായണം ചെയ്യുന്നവർക്ക്
- C. ആലോചനയോടെ അതിനെ സമീപിക്കുന്നവർക്ക്
- D. ഖുർആൻ അനുസരിച്ചു ജീവിതം നയിക്കുന്നവർക്ക്

**17) യാതൊരുവൻ തന്റെ മനസ്സിനെ കീഴ്പ്പെടുത്തിവെക്കുകയും മരണശേഷമുള്ളതിലേക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തുവോ അവനാണ് ............. ?**

- A. സുന്നത്ത് പിന്തുടർന്നവൻ
- B. സമർത്ഥൻ അഥവാ ബുദ്ധിമാൻ
- C. യഥാർത്ഥ വിശ്വാസി
- D. കാര്യങ്ങളെ തിരിച്ചറിഞ്ഞവൻ

**18) യാതൊരുവന്റെ മനസ്സ് അതിന്റെ ഇച്ഛയെ പിൻതുടരുകയും, അവൻ അല്ലാഹുവിന്റെ പേരിൽ വ്യാമോഹം വെച്ചുകൊണ്ടിരിക്കുകയും ചെയ്തുവോ അവനാണ് ..........................**

- A. തീക്കനൽ കൈയിൽ പിടിച്ചവൻ
- B. കൊള്ളരുതാത്തവൻ അഥവാ ദുർബ്ബലൻ

- C. ജനസന്നിധിയിൽ ഒറ്റപ്പെട്ടവൻ
- D. ജീവിതം മടുത്തവൻ

**19) ദിനരാത്രങ്ങളായി നീങ്ങിക്കൊണ്ടിരിക്കുന്ന കാലം എന്നാണ് ................ എന്ന വാക്കിന്റെ മൂലാർത്ഥം ?**

- A. അസ്ർ
- B. സമൻ
- C. ദഹ്ർ
- D. വഖ്ത്

**20) അല്ലാഹുവിന്റെ ഗാഭീര്യം , മഹത്വം ഇവ രണ്ടിലൊന്ന് കാര്യത്തിന് ആരെങ്കിലും അവനോട് വഴക്കു കൂടുന്നപക്ഷം, അല്ലാഹു അവനെ ................ ?**

- A. വിചാരണ കൊണ്ട് കടുപ്പമാക്കുന്നതാണ്
- B. നരകത്തിൽ താമസിപ്പിക്കുന്നതാണ്
- C. പരലോകത്തു വെച്ച് വിസ്മരിക്കുന്നതാണ്
- D. നരകത്തിന്റെ ആഴികളിലേക്ക് എറിയുന്നതാണ്

**21) "................................ അല്ലാഹുവിനത്രെ സർവ്വസ്തുതിയും"; ഒരേ ആയത്തിൽ തന്നെ താഴെ നൽകിയ മൂന്ന് പ്രയോഗങ്ങളും വന്നിട്ടുണ്ട്. അവയിൽ വരാത്തത് .......**

- A. ഭൂമിയുടെ രക്ഷിതാവ്
- B. മനുഷ്യരുടെ രക്ഷിതാവ്
- C. ആകാശങ്ങളുടെ രക്ഷിതാവ്
- D. ലോകരുടെ രക്ഷിതാവ്